# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 7/2891/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 7/2891/22 തീയ്യതി: 04/02/2023

## മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-11-2021 മുതൽ 21-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പൊന്നമ്മ.വി.എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷാനിർ.കെ | സെക്രട്ടറി | 01-04-2021 | 12-11-2021 |
| ശ്രീമതി.അസീന ചെറുപള്ളിക്കൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-11-2021 | 30-11-2021 |
| ശ്രീ.ഷാനിർ.കെ | സെക്രട്ടറി | 01-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അസീന ചെറുപള്ളിക്കൽ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ടിനാ മേരി.സി.ജെ | അസി. എഞ്ചിനീയർ | 01-04-2021 | 15-09-2021 |
| ശ്രീ.സിനി മോൻ .സി.എച്ച് | അസി. എഞ്ചിനീയർ | 16-09-2021 | 31-03-2022 |
| ശ്രീ.ഷരീഫ് അഹമ്മദ് | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷബ്നാസ് ബീഗം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മഞ്ജു കെ നായർ | മെഡിക്കൽ ഓഫീസർ ( CHC) | 01-04-2021 | 31-03-2022 |
| ഡോ.നിഷാന | മെഡിക്കൽ ഓഫീസർ ( GAD) | 01-04-2021 | 31-03-2022 |
| ഡോ.നസ്രീൻ മൂസ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.ഹരിദാസ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.അൻവർ.കെ.പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സൈനബ.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ടി.വി.സജിത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 01-03-2022 |
| ശ്രീ. അബ്ദുൾ കാസിം.സി. | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |

--

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷൻ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്ക് പരിശോധന -അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. | 1-12 |
| 13 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-13 |
| 14 | അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിച്ചില്ല. | 1-14 |
| 15 | വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ | 1-15 |
| 16 | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതി - 9,30,746/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-16 |
| 17 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ലീവ് സറണ്ടർ അനുവദിച്ചു | 1-17 |
| 18 | അംഗീകൃത പ്രൊജക്റ്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കി. | 1-18 |
| 19 | ലൈഫ് ഭവനപദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകത. | 1-19 |
| 20 | വീട് വാസയോഗ്യമാക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകത. | 1-20 |
| 21 | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതി -സ്റ്റോക്ക്- ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല | 1-21 |
| 22 | കിഴക്കേതല തരിശ് ജംഷൻ ഹൈമാസ്റ്റ് റിപ്പയർ -ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത പ്രവൃത്തിക്ക് തുക ചെലവഴിച്ചു. | 1-22 |
| 23 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-23 |
| 24 | ഗോത്രസാരഥി പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-24 |
| 25 | ജലനിധി പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-25 |

| | | |
|---|---|---|
| 26 | രജിസ്റ്റേഡ് യുവജനക്ലബുകൾക്ക് സ്പോട്സ് കിറ്റ് വിതരണം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-26 |
| 27 | ഒന്നാം ക്ലാസിൽ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ പദ്ധതി -അപാകതകൾ | 1-27 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധിക തുക നൽകി | 1-28 |
| 29 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി | 1-29 |
| 30 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. | 1-30 |
| 31 | ഡ്രൈനേജ് സ്ലാബ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി; നഷ്ടം 3828 രൂപ. | 1-31 |
| 32 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല; 18956 രൂപയുടെ നഷ്ടം | 1-32 |
| 33 | ഹോമിയോ മരുന്ന് മുഴുവൻ ലഭ്യമായില്ല. | 1-33 |
| 34 | അളവ് പുസ്തകം, ടെണ്ടർ ഫോറം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല. | 1-34 |
| 35 | സമഗ്ര വിദ്യാഭ്യാസ പദ്ധതി- അപാകതകൾ | 1-35 |
| 36 | ക്ഷേമപെൻഷൻ അപാകതകൾ | 1-36 |
| 37 | തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി പദ്ധതി - അപാകതകൾ | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി, നഷ്ടം 23210 രൂപ | 3-1 |
| 2 | ഡ്രൈനേജ് സ്ലാബ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി; നഷ്ടം 3828 രൂപ. | 3-2 |
| 3 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല; 18956 രൂപയുടെ നഷ്ടം | 3-3 |
| 4 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധിക തുക നൽകി നഷ്ടം 60,000രൂപ | 3-4 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |

| | | |
|---|---|---|
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1 - 20.02.2021 | 3- 15.02.2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 02.07.2022 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44332754 |
| വരവ് | 156881762 |
| ആകെ | 201214516 |
| ചെലവ് | 151054285 |
| നീക്കിയിരിപ്പ് | 50160231 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 26017780 | 26017780 | 25727995 | 289785 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7367471 | 7367471 | 6886958 | 480513 |
| വികസനഫണ്ട് ടി.എസ്.പി | 0 | 647000 | 647000 | 489966 | 157034 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Tied) | 0 | 17817280 | 17817280 | 5794619 | 12022661 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (UnTied) | 0 | 11384761 | 11384761 | 10778922 | 605839 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 22006000 | 22006000 | 14000033 | 8005967 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 10311029 | 10311029 | 6683786 | 3627243 |
| ബി ഫണ്ട് | 0 | 540000 | 540000 | 540000 | 0 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 304 | 220634793 | 221 | 134205284 | 7 | 76 | 73 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15318 | 1017845 | 1033163 | 1032058 | 1105 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 30853950 | 30853950 | 30853950 | 0 |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4731800 | 3319 |
| വിധവാപെൻഷൻ | 28046200 | 17726 |
| വാർദ്ധക്യകാലപെൻഷൻ | 44246200 | 29344 |
| വികലാംഗപെൻഷൻ | 8963300 | 5712 |
| വിവാഹ ധനസഹായം | 540000 | 18 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1281600 | 812 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 60538/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും,ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും ,പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല.സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല.സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും ( ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.അപാകത പരിഹരിക്കേണ്ടതാണ്.

2)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറി പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യണം. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളിൽ മോണിറ്ററിംഗ് ഫലപ്രദമല്ല.

3)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം,ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാകാര്യങ്ങളിലും നേതൃത്വപരമായി ഇടപെട്ട് സ്റ്റാന്റിംഗ് കമ്മറ്റികളുടെ

ഇടപെടലുകൾ കാര്യക്ഷമമാക്കേണ്ടതാണ്.

4)അസിസ്റ്റന്റ് എഞ്ചിനിയർ തനത് ഫണ്ട് ഇടപാടുകൾക്കും മറ്റ് ഫണ്ടുകളിലെ ഇടപാടുകൾക്കും വെവ്വേറെ കാഷ്ബുക്കുകൾ സൂക്ഷിക്കുന്നു. കൂടാതെ ബേങ്ക് അക്കൗണ്ടുകളിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. എല്ലാ വരവ്-ചെലവുകൾക്കുമായി ഒരു Cash Book മാത്രം സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളവയാണെങ്കിലും പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2022 | 01.10.2022 മുതൽ 31.01.2022 വരെ | 21.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2019 മുതൽ 05.04.2019 വരെ | 2013 -2014 മുതൽ 2017-18 വരെ | 20.05.2019 |

## 1-11 വാർഷികകണക്ക് പരിശോധന -അപാകതകൾ

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) Tender Forms രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ വരവായി രേഖപ്പെടുത്തിയ 2,61,374രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

3) ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B4ൽ രേഖപ്പെടുത്തിയBeneficary Contribution – 7,57,614,Donations To Flood- 11,620, Contraiiy Sponsored Schemes -Specific Purpose- 6758 ഇനങ്ങളിലെ തുകകളുടെ ആധികാരികത പ്രത്യേക എ.സി.ആറിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

4)ബസ് സ്റ്റാന്റ് വരവ് കുടിശ്ശിക രജിസ്റ്റർ പ്രകാരം 15,500രൂപ .ആയത് വാർഷികകണക്ക് പ്രകാരം 1,22,539രൂപ , പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് രജിസ്റ്റർ പ്രകാരം 600രൂപ .ആയത് വാർഷികകണക്ക് പ്രകാരം 350രൂപ . വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

5) ബിൽഡിംഗ് പെർമിറ്റ് റഗുലറൈസേഷൻ ഫീസ് വരവ് വാർഷികകണക്ക് പ്രകാരം 2,43,872രൂപ . എന്നാൽ രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

6)വാടക കുടിശ്ശിക ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 1,81,054 രൂപ പിരിച്ചെടുക്കാനുണ്ട്. എന്നാൽ രജിസ്റ്ററിൽ ആയത് സംബന്ധിച്ച വിവരം ഇല്ല.

7) ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഇനങ്ങൾ തരംതിരിച്ച് രേഖപ്പെടുത്തി വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ,ഷെഡ്യൂൾ B-7 ൽ രേഖപ്പെടുത്തിയ ഇനങ്ങളിലെ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

8)സേവന സോഫ്റ്റ് വെയർ പ്രകാരം 2021-22 വർഷത്തിൽ താഴെ പറയും പ്രകാരം വിവിധ ക്ഷേമപെൻഷൻ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ | 47,31,800 |
| വാർദ്ധക്യകാല പെൻഷൻ | 4,42,46,200 |
| വിധവാ പെൻഷൻ | 2,80,46,200 |
| ഡിസബിലിറ്റി പെൻഷൻ | 89,63,300 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 12,81,600 |

എന്നാൽ ആയവ അക്കൗണ്ട് ചെയ്തിട്ടില്ല.

9)ഷെഡ്യൂൾ B- 18 പ്രകാരം Advance To Implementing Agencies – Deposit With Ground Water Department 37,730 രൂപ . എന്നാൽ ഇതുസംബന്ധിച്ച വിവരം അഡ്വാൻസ് രജിസ്റ്ററിൽ ഇല്ല.

10)ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ,അൺടൈഡ് ഇനങ്ങളിലെ ചെലവ് തുക എ സി ആർ പ്രകാരം യഥാക്രമം 57,94,619 രൂപയും 1,07,78,922 രൂപയുമാണ്. ആയത് വാർഷികകണക്ക് പ്രകാരം യഥാക്രമം 27,17,858രൂപയും 41,96,122രൂപയുമാണ്.

കൂടാതെ, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ,അൺടൈഡ് ഇനങ്ങളിലെ ബാലൻസ് തുക ,ഷെഡ്യൂൾ B 4 പ്രകാരം 1,50,39,473 രൂപ ആയത് , ഷെഡ്യൂൾ B 17 പ്രകാരം 66,44,385 രൂപ

11)എ സി ആർ ,വാർഷികകണക്ക് ,സുലേഖ സോഫ്റ്റ് വെയർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടിനങ്ങളിൽ ചെലവ്തുക വ്യത്യാസപ്പെട്ടിരിക്കുന്നു.കാരണം വ്യക്തമല്ല.

| ഫണ്ടിനം | എ എഫ് എസ് പ്രകാരം തുക | എ സി ആർ പ്രകാരം തുക | സുലേഖ സോഫ്റ്റ് വെയർ പ്രകാരം തുക |
|---|---|---|---|
| വികസനഫണ്ട് -ജനറൽ | 67,01,929 | 68,86,958 | 2,77,32,128 |
| വികസനഫണ്ട് -ടി എസ് പി | 3,38,043 | 4,89,966 | 3,38,043 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 1,35,31,247 | 1,40,00,033 | 1,35,31,247 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 64,83,955 | 66,83,786 | 64,83,955 |

12) തൊഴിലുറപ്പുപദ്ധതി മൊത്തം ചെലവ് തുക രേഖപ്പെടുത്തിയത് വാർഷികകണക്ക് പ്രകാരം32197584 രൂപ .ആയത് കാഷ് ബുക്ക് പ്രകാരം 3,18,86,008 രൂപ. തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

13)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

14)അക്കൗണ്ട്സ് റൂളിലെ, ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട്.

15)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4)എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

16)ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ/ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളും/സ്ഥാപനങ്ങളും നികുതി പരിധിക്കുള്ളിൽവന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് [നിയമം 205ബി,ചട്ടം13 എന്നിവ കാണുക]. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടികൾ പൂർണമായി സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1). കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് , ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 27.09.2012 ലെ A6- 5330/2011 ലെ നമ്പർ സർക്കുലർ (Circular 16/2012- Modification) പ്രകാരം മാവേലി സ്റ്റോറുകൾ/സൂപ്പർമാർക്കറ്റുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥാപനത്തിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും മാവേലി സ്റ്റോർ കരുവാരകുണ്ടിലെ അസിസ്റ്റന്റ് സെയിൽസ്മാൻ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. മേൽ സർക്കുലർ അടിസ്ഥാനമാക്കി സപ്ലൈകോ മാവേലി സ്റ്റോർ കരുവാരകുണ്ടിൽ 2021-22 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ള മുഴുവൻ ജീവനക്കാരുടെയും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

2). ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളായി ഉൾപ്പെടുത്തിയ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | അരവിന്ദ് വിദ്യാ നികേതൻ | ഒന്ന്, രണ്ട് |
| 2 | ഐഡിയൽ പബ്ലിക് സ്കൂൾ | രണ്ട് |
| 3 | ഇന്ദിരാഗാന്ധി ഗവ. എംപ്ലോയീസ് സൊസൈറ്റി | രണ്ട് |
| 4 | ഹയാത്ത് ക്ലിനിക് & ഡയഗ്നോസ്റ്റിക് സെന്റർ | ഒന്ന്, രണ്ട് |
| 5 | DTPC ചേറുമ്പ് ഇക്കോ & കേരളാംകുണ്ട് വാട്ടർ ഫാൾസ് | ഒന്ന് |
| 6 | ബിറ്റൺ അഗ്രോ ഇന്റസ്ട്രീസ് പുത്തനത്താഴി | ഒന്ന്, രണ്ട് |
| 7 | അൽമാസ് ഹോസ്പിറ്റൽ കരുവാരകുണ്ട് | രണ്ട് |
| 8 | ദാറുനജാത്ത് ഓർഫനേജ് യു.പി.എസ് | രണ്ട് |
| 9 | പോസ്റ്റ് ഓഫീസ് പുൽവെട്ട | രണ്ട് |

പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

3). ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | ലൈബ വെഡിംഗ് സെന്റർ | 4 | 456/21-22 /03.03.22 |
| 2 | Fresherys Food Village | 3 | 418/21-22 /01.01.22 |
| 3 | Hairins | 3 | 417/21-22 /13.04.21 |
| 4 | സിയ സ്റ്റിച്ചിംഗ് യൂണിറ്റ് | 5 | 413/21-22 /29.12.21 |
| 5 | കല്യാൺ ഓട്ടോ ഫ്യൂവൽസ് | 8 | 5/21-22 |
| 6 | പ്രസാദ് ആയുർവ്വേദിക് പ്രൊഡക്ഷൻസ് | 9 | 6/21-22 |
| 7 | ടി.പി.എസ് ട്രേഡേഴ്സ് | 3 | 18/21-22 |
| 8 | സഫ ജ്വല്ലറി (വിപണനം) ലൈസൻസി- കെ.റ്റി ഹംസ | 16 | 45/21-22 |
| 9 | സഫ ജ്വല്ലറി (നിർമ്മാണം) ലൈസൻസി- കെ.റ്റി മുഹമ്മദ് ഹനീഫ | 5 | 46/21-22 |

| | | | |
|---|---|---|---|
| 10 | ആൽഫ ഏജൻസി | 3 | 90/21-22 |
| 11 | മാസ്റ്റർ ഏജൻസീസ് | 5 | 103/21-22 |
| 12 | ലേഡീസ് വേൾഡ് | 3 | 104/21-22 |
| 13 | സന്തോഷ് പെട്രോളിയം | 8 | 173/21-22 |
| 14 | അനു ഫ്യൂവൽസ്, പുന്നക്കാട് | 8 | 191/21-22 |
| 15 | ഫ്രഷ് & സ്പൈസി | 5 | 196/21-22 |
| 16 | ലാമിയ അലുമിനിയം ഫാബ്രിക്കേഷൻ | 4 | 202/21-22 |
| 17 | എ.കെ സൂപ്പർമാർക്കറ്റ് | 4 | 220/21-22 |
| 18 | ഗ്രേ മൌണ്ട് | 3 | 243/21-22 |
| 19 | മർഹബ ഹൈപ്പർ മാർക്കറ്റ് | 10 | 312/21-22 |
| 20 | കെ.വി.കെ വുഡ് ഇന്റസ്ട്രീസ് | 5 | 318/21-22 |
| 21 | KC Group Rubber Processing Unit | 10 | 349/21-22 |
| 22 | അമാന ഗോൾഡ് & ഡയമണ്ട്സ് | 5 | 394/21-22 |
| 23 | എൽ . ആർ ഹോസ്പിറ്റൽ | 11 | 2/21-22 |
| 24 | അഭിലാഷ് ലാബ് | 4 | 7/21-22 |

1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്. 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

കെട്ടിട ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകി നിശ്ചിത ഫോറത്തിൽ വിവരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ, സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിലെ വിവരങ്ങൾ ഉടങ്ങി ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ്/മൂലധന നിക്ഷേപം എന്നിവ അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽനികുതി മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ട്രെയിഡേഴ്സിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളത് ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങൾ പാലിക്കാതെയാണ്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. നികുതി ക്രമപ്രകാരം ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

നികുതി അടവാക്കാൻ ബാധ്യതപ്പെട്ടവരിൽ നിന്നും ആയത് പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾ കർശനമായി പാലിക്കേണ്ടതാണ്.

4). അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ച താഴെപ്പറയുന്ന സ്കൂളുകളിലെ ജീവനക്കാരിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

ഇൻഫന്റ് ജീസസ് സ്കൂൾ, കരുവാരകുണ്ട്.

ആൾട്ടർനേറ്റീവ് & ഇന്നവേറ്റീവ് എഡ്യുക്കേഷൻ സെന്റർ

ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ

5). തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| ജീവനക്കാർ/സ്ഥാപനം | അർദ്ധവാർഷിക വരുമാനം | നികുതി അടവാക്കേണ്ടത് | അടവാക്കിയത് | കുറവ് |
|---|---|---|---|---|
| മുഹമ്മദ് നിസാർ, പി.ടി.എസ് കരുവാരകുണ്ട് പോലീസ് സ്റ്റേഷൻ | 79608(2 അർദ്ധവർഷം) | 750 | 600 | 150 |
| യാസർ.വി.എം,ഫാർമസിസ്റ്റ് CHC കരുവാരകുണ്ട് | 88782 (2 അർദ്ധവർഷം) | 750 | 450 | 300 |

കുറവുവന്ന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11/29.11.2022 മറുപടി ലഭ്യമാക്കിയില്ല)

## 1-13 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2019 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഗണത്തിലുൾപ്പെടുത്തി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്താതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

| ക്രമ നം | കെട്ടിട ഉടമ, ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര്, ലൈസൻസ് അനുവദിച്ച പ്രവർത്തനം | വാർഡ്/കെട്ടിട നമ്പർ , തറ വിസ്തീർണ്ണം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | ശ്രീ.മുഹമ്മദ് യഹിയ മിറാൻ 321/21-22 | ബ്രൈറ്റ് ഓയിൽ മിൽ പുത്തനഴി 90 HP ഉപയോഗിച്ച് കോക്കനട്ട് ടെസ്റ്റ ഓയിൽ & ഓയിൽ കേക്ക് നിർമ്മിക്കുക | 18/178 240 ച.മീ (താഴത്തെ നില) | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് |

ഇതര വ്യവസായങ്ങൾക്കാവശ്യമുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 50 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു ലൈസൻസ് അനുവദിക്കേണ്ടിയിരിക്കുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ 240 X (50-15)= 8400+ 20% (വഴി വർദ്ധന) - 20% (മേഖല, കാലപ്പഴക്കം) = 8400/- രൂപ നികുതി കുറവും സംഭവിക്കുന്നതായി കാണുന്നു. നികുതി പുനർനിർണ്ണയിച്ച് അപാകത പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 21/29.11.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-14 അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിച്ചില്ല.

കേരള എസ്റ്റേറ്റ് വില്ലേജിൽ ( സ.നം 152/293) ശ്രീമതി.റോസമ്മ ജോൺ എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 169.47ച.മീ വിസ്തൃതിയുള്ള ഒരു വാസഗൃഹ നിർമ്മാണത്തിനുള്ള അനുമതിക്കായാണ് എ4-2748/2021/17.06.2021 നമ്പർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പെർമിറ്റിനായി സമർപ്പിച്ച ഫയലുകൾ പരിശോധിച്ചതിൽ നിന്ന് പ്ലോട്ടിൽ നിലവിലുള്ളതായ കെട്ടിടങ്ങളുടെ വിസ്തീർണ്ണം അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ രേഖപ്പെടുത്തിയതും സഞ്ചയ പ്രകാരം മേൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണവും തമ്മിൽ വലിയ വ്യത്യാസമുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിവരം | സഞ്ചയ പ്രകാരം |
|---|---|
| Building 1 -3/312<br>250.83 ച.മീ | 3/312 - 142 ച.മീ (താഴത്തെ നില- പാർപ്പിടം) |
| Building 2- 3/313<br>135.00 ച.മീ | 3/313- 104 ച.മീ (താഴത്തെ നില- പാർപ്പിടം) |

നിലവിലുള്ള കെട്ടിടങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ തന്നെ അധിക നിർമ്മാണങ്ങൾ ഉണ്ടാവുന്നുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പ്ലോട്ടിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി പ്ലാൻ സമർപ്പിക്കുമ്പോൾ പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരം പ്ലാനിൽ രേഖപ്പെടുത്തുന്ന അവസരത്തിൽ മാത്രമാണ് അധിക നിർമ്മാണം സംബന്ധിച്ച വിവരം അറിയാനിടയാവുന്നത്.

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് മുൻപായി നിലവിലുള്ള കെട്ടിടങ്ങളിൽ അനധികൃതമായി നിർമ്മിച്ചവ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണോ നിർമ്മിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും നിയമാനുസൃതം നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമായിരുന്നെങ്കിലും അത്തരത്തിലുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ പെർമിറ്റ് അനുവദിച്ചതായി കാണുന്നു. നിയമാനുസൃതം നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാതെ പുതിയ നിർമ്മാണത്തിന് അനുമതി നൽകിയത് ശരിയായ നടപടിയല്ല. അപാകത പരിഹരിക്കേണ്ടതാണ്.
മേൽ കെട്ടിടങ്ങൾ പരിശോധന നടത്തി അസസ്മെന്റ് ചെയ്തതിനേക്കാൾ വിസ്തീർണമുണ്ടെങ്കിൽ നിയമാനുസൃതം നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ വാണിജ്യ / വ്യവസായ കെട്ടിടങ്ങളുടെ കാര്യത്തിലും നികുതി നഷ്ടം വരുവാനുള്ള സാധ്യതകൾ നിലനിൽക്കുന്നതിനാൽ ഫീൽഡ് പരിശോധന കാര്യക്ഷമമാക്കി മറ്റു കെട്ടിടങ്ങളുടെ കാര്യത്തിലും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പെർമിറ്റ്, റഗുലറൈസേഷൻ, നമ്പറിംഗ് ഫയലുകൾ പരിശോധിക്കുമ്പോൾ പ്ലോട്ടിൽ നിലവിൽ കെട്ടിടങ്ങളുണ്ടെങ്കിൽ ആയത് സഞ്ചയയുമായി താരതമ്യം ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം പെർമിറ്റ് ഫീസ് ഇനത്തിലും വസ്തുനികുതി ഇനത്തിലും ഗ്രാമ പഞ്ചായത്തിന് നഷ്ടം വരുവാനുള്ള സാധ്യതയുണ്ട്.

(ഓഡിറ്റ് എൻക്വയറി 18/29.11.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല )

## 1-15 വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ

31-10-2017 ലെ GO (P) No 80/2017/LSGD പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം സ്ഥാപനങ്ങളെ അവയുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നതിനു പകരം മൈക്രോ ,മിനി, സ്മാൾ,മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടായിരിക്കണം ലൈസൻസ് ഫീസ് ഈടാക്കേണ്ടത് എന്നു വ്യക്തമാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് ഫീസ് നിശ്ചയിക്കുകയും ആയത് 2018-19 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ മുതൽ ഈടാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 478 ലൈസൻസ് അപേക്ഷകൾ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച 478 ലൈസൻസ് അപേക്ഷകളിൽ 20 അപേക്ഷകളിൽ മാത്രമാണ് മൂലധന നിക്ഷേപം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷകൾ പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ടിലും സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം , ഉത്പാദനം, സേവനം എന്നീ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് നിർണയിച്ചത്

എങ്ങനെയെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമല്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 31/30.11.2022 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-16 മെഡിക്കൽ ഓഫീസർ -സി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതി - 9,30,746/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ -സി.എച്ച്.സി നിർവ്വഹണം നടത്തിയ പരിരക്ഷക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി 9,64,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയതിൽ 33,254/- രൂപയുടെ മരുന്നുകളാണ് ലഭ്യമായത്. 9,30,746/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് വിവരം | മരുന്ന് ലഭിച്ച വിവരം | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| പരിരക്ഷക്ക് മരുന്ന് വാങ്ങൽ (2/2022) | 9,64,000/- (റോഡിതരം) ബി.നം 12/21-22 /16.12.2021 PRF. 3824/04.12.2021 | ഇ.നം.835/22.04.2022-6838/- ഇ.നം.3530/03.06.2022-26416/- ആകെ- 33,254 /- | 9,30,746/- |

അവശേഷിക്കുന്ന 9,30,746/- രൂപയുടെ മരുന്നുകൾകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 29/ 30.11.2022 ന് മറുപടി ലഭ്യമായില്ല)

## 1-17 സർക്കാർ ഉത്തരവിന് വിരുദ്ധമായി ലീവ് സറണ്ടർ അനുവദിച്ചു

ജി ഒ (പി ) നം.104/2021/ഫിൻ തീ. 26.07.2021 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നത് താൽക്കാലികമായി വിലക്കി കൊണ്ട് 01.06.2021 മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി വൗച്ചർ നം.22100717/ 27.11.2021 പ്രകാരം 34,521രൂപ, തദവസരത്തിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. അസീന ചെറുപള്ളിക്കലിന് (01.11.2021 മുതൽ 15.11.2021 വരെയുള്ള കാലയളവിലെ ) സെക്രട്ടറിയുടെ 25.11.2021 ലെ എ1-6236/21 നം. പ്രൊസീഡിംഗ്സ് പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറിയുടെ അധികാരം ദുരുപയോഗം ചെയ്ത് നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമായി, ആർജ്ജിതാവധി സറണ്ടർ ചെയ്ത് പണമാക്കി മാറ്റിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (*നം.4/2021-22/28.11.2022)* മറുപടിയായി രശീതി നം.1220402526/ G100205 / 29.11.2022പ്രകാരം തുക തനത്ഫണ്ടിൽ തിരിച്ചടവാക്കി. പിഴ പലിശ ഈടാക്കുവാൻ നിർദ്ദേശിച്ചുവെങ്കിലും ആയത് അടവാക്കുകയോ കൃത്യവിലോപത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. ആയത് ഉചിതമായ മേൽ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-18 അംഗീകൃത പ്രൊജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കി.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 120/22 |
| പേര് | : | ലൈഫ് ഭവനപദ്ധതി - പട്ടികജാതി |
| അടങ്കൽ തുക (₹) | : | 4,00,00,000/- |
| ചെലവ് (₹) | : | 3,08,90,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | വി.ഇ.ഒ |

പട്ടികജാതി വിഭാഗത്തിൽ പെട്ട 100 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് 4,00,00,000/- രൂപ അടങ്കൽ നിശ്ചയിച്ച് കൊണ്ടാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളതും അംഗീകാരം ലഭ്യമായിട്ടുള്ളതും. എന്നാൽ ഭവന നിർമ്മാണത്തിന് പുറമെ രണ്ട് ഭൂരഹിത ഭവന രഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 4,45,000/- രൂപ ഈ പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഭൂരഹിത ഭവനരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് പ്രൊജക്റ്റ്

നമ്പർ.216/22 - ലൈഫ് ഭവനം ജനറൽ (ഫേസ് 3) എന്ന പദ്ധതി പ്രകാരം തുക ചെലവഴിക്കാമായിരുന്ന സാഹചര്യത്തിൽ അംഗീകൃത പ്രൊജക്ട് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 10/28.11.2022) പദ്ധതി റിവിഷനിൽ ഭേദഗതി വരുത്താമെന്നുള്ള ഭരണസമിതി നിർദ്ദേശത്തെ തുടർന്നാണ് സ്ഥലം വാങ്ങുന്നതിന് തുക അനുവദിച്ചതെന്നും റിവിഷൻ അനുവദിച്ച സമയത്ത് ടി പദ്ധതിയിൽ ഭേദഗതി വരുത്തുന്നതിന് വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവനപദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകത.

| പ്രൊജക്ട് നമ്പർ | 77/22 | 120/22 |
|---|---|---|
| പ്രൊജക്ടിന്റെ പേര് | ലൈഫ് ഭവനപദ്ധതി ജനറൽ | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) |
| അടങ്കൽ തുക | 2,00,000/- രൂപ | 4,00,00,000/- രൂപ |
| ചെലവഴിച്ച തുക | 20,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)<br>42,80,000/- രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>55,40,000/- രൂപ (ലോൺ) | 21,83,000/- രൂപ (വികസന ഫണ്ട് - ജനറൽ)<br>96,40,000/- രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>14,67,000/- (തനത് ഫണ്ട്)<br>11,00,000/- (ബ്ലോക്ക് പഞ്ചായത്ത്)<br>20,00,000/- (ജില്ലാ പഞ്ചായത്ത്)<br>1,45,00,000/- രൂപ (ലോൺ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | |

ലൈഫ് മിഷൻ ഭവനപദ്ധതി പ്രകാരം ജനറൽ, എസ്.സി വിഭാഗങ്ങൾക്ക് അനുവദിക്കാവുന്ന ധനസഹായം 4,00,000/- രൂപയാണ്. എന്നാൽ ശ്രീമതി.ആമിന, W/o.അബു, നെടുമ്പ ഹൗസ്, അരിമണൽ എന്ന ഗുണഭോക്താവിന് 5,20,000/- രൂപയും ശ്രീമതി.ലക്ഷ്മി.എസ്, W/o.രാമൻ, സ്വാമി മഠത്തിൽ ഹൗസ്, വീട്ടിക്കുന്ന് എന്ന ഗുണഭോക്താവിന് 4,40,000/- രൂപയും അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1). ശ്രീമതി.ആമിന, W/o.അബു, നെടുമ്പ ഹൗസ്.4

| ക്രമ നമ്പർ | വൌച്ചർ നമ്പർ / തീയതി | ഗുണഭോക്താവിന് അനുവദിച്ച തുക |
|---|---|---|
| 1 | 22100652 / 28.09.2021 | 40,000/- |
| 2 | XVFC/2021-22/P/5 / 18.10.2021 | 40,000/- |
| 3 | 22100772 / 10.12.2021 | 1,20,000/- |
| 4 | 22101052 / 19.02.2022 | 1,00,000/- |
| 5 | 22101186 / 18.03.2022 | 60,000/- |
| 6 | 22101324 / 31.03.2022 | 40,000/- |
| 7 | 22100692 / 19.11.2021 | 1,20,000/- |
| ആകെ | | 5,20,000/- |

2). ശ്രീമതി.ലക്ഷ്മി.എസ്, W/o.രാമൻ, സ്വാമി മഠത്തിൽ ഹൗസ്, വീട്ടിക്കുന്നൻ.

| ക്രമ നമ്പർ | വൌച്ചർ നമ്പർ / തീയതി | ഗുണഭോക്താവിന് അനുവദിച്ച തുക |
|---|---|---|
| 1 | 22100246 / 12.07.2021 | 40,000/- |
| 2 | 22100612 / 05.11.2021 | 40,000/- |
| 3 | 22100587 / 30.10.2021 | 60,000/- |
| 4 | 22100801 / 23.12.2021 | 60,000/- |

| | | |
|---|---|---|
| 5 | 22101203 / 08.02.2022 | 1,00,000/- |
| 6 | 22101175 / 14.03.2022 | 60,000/- |
| 7 | 2115135202960135151 / 12.03.2022 | 40,000/- |
| 8 | 22100234 / 05.07.2021 | 40,000/- |
| ആകെ | | 4,40,000/- |

അധികമായി അനുവദിച്ച 1,60,000/- രൂപ (1,20,000 + 40,000) തിരികെ ഈടാക്കി അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 22(2020-21)/30.11.2022) ക്രമ നമ്പർ 1 പ്രകാരം അധികം അനുവദിച്ച 1,20,000/- രൂപ അപാകത ശ്രദ്ധയിൽ പെട്ടയുടനെ ഭരണസമിതിയുടെ സഹായത്തോടെ പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റൊരു ഗുണഭോക്താവായ ശ്രീമതി. പാത്തു പുളിയത്ത് എന്നവർക്ക് കൈമാറി തുക കൈപ്പറ്റിയതിന്റെ രശീതി വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ 2 പ്രകാരം അധികം അനുവദിച്ച 40,000/- രൂപ പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റൊരു ഗുണഭോക്താവായ ശ്രീമതി. ഗായത്രി എന്നവർക്ക് കൈമാറിരശീതി വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. അധികം അനുവദിച്ച 1,60,000/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കാതെ നേരിട്ട് ഗുണഭോക്താവിന് നൽകിയത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും ധനവിനിയോഗത്തിൽ സൂക്ഷ്മത പുലർത്തേണ്ടതുമാണ്.

## 1-20 വീട് വാസയോഗ്യമാക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകത.

| | |
|---|---|
| പദ്ധതി നമ്പർ | : 16/22 |
| പേര് | : വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വി.ഇ.ഒ |
| അടങ്കൽ തുക (₹) | : 52,50,000/- (വികസന ഫണ്ട് - ജനറൽ) |
| ചെലവ് (₹) | : 43,35,000/- |
| ബിൽ റഫറൻസ് നമ്പർ / തീയതി | : 2115135202960072807/29.11.2021 – 2,25,000/- രൂപ |
| | : 2115135202960077675 9/13.12.2021 – 8,35,000/- രൂപ |
| | : 2115135202960083886 5/24.12.2021 – 5,75,000/- രൂപ |
| | : 2115135202960091411 8/10.01.2022 – 11,85,000/- രൂപ |
| | : 2115135202960100450 8/25.01.2022 – 6,00,000/- രൂപ |
| | : 2115135202960109698 8/10.02.2022 – 3,50,000/- രൂപ |
| | : 211513520296018730 8/23.02.2022 – 5,65,000/- രൂപ |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി.14.02.2018) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് പരമാവധി 1,00,000 രൂപ നൽകാവുന്നതാണ്. ഓവർസിയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ വിഭാഗത്തിന് 25,000/-രൂപ നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഇപ്രകാരം 173 ഗുണഭോക്താക്കൾക്കായി 43,35,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത സംഭവിച്ചിട്ടുണ്ട്.

1). മുൻകൂർ നൽകിയ തുക കുറവ് ചെയ്തില്ല. 10,000/- രൂപ അധികം ചെലവഴിച്ചു.

ശ്രീമതി.സൈനബ പാലക്കപറമ്പിൽ, കുറ്റാളി, കേരള എസ്റ്റേറ്റ് എന്ന ഗുണഭോക്താവിന് 13.12.2021 ലെ 2115135202960077675 9 നമ്പർ ബിൽ പ്രകാരം മുൻകൂറായി 10,000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ മുൻകൂറായി നൽകിയ ഈ തുക കുറവ് ചെയ്യാതെ, നിർമ്മാണം പൂർത്തീകരിച്ച് ഓവർസീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭിച്ച ശേഷം 25,000/- രൂപ 24.12.2021 ലെ 2115135202960083886 5 നമ്പർ ബില്ലിലെ ക്രമനമ്പർ.6 പ്രകാരം അനുവദിക്കുകയും ചെയ്തു. മുൻകൂർ നൽകിയ തുക രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ട് പോയതാണ് ഈ അപാകതയ്ക്ക് കാരണം. അധികം നൽകിയ 10,000/- രൂപ തിരികെ ഈടാക്കി അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 01/26.11.2022) അധികം അനുവദിച്ച 10,000/- രൂപ പദ്ധതിയിൽ

ഉൾപ്പെടുന്ന മറ്റൊരു ഗുണഭോക്താവായ ശ്രീമതി. സരോജിനിക്ക് കൈമാറി തുക കൈപ്പറ്റിയതിന്റെ രശീതി വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. അധികം അനുവദിച്ച 10,000/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കാതെ നേരിട്ട് ഗുണഭോക്താവിന് നൽകിയത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും ധനവിനിയോഗത്തിൽ സൂക്ഷ്മത പുലർത്തേണ്ടതുമാണ്.

## 1-21 മെഡിക്കൽ ഓഫീസർ -സി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതി -സ്റ്റോക്ക്- ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ -സി.എച്ച്.സി 2021-22 ൽ സി.എച്ച്.സി സബ്സെന്ററുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (224/22), സബ്സെന്ററുകൾക്ക് ഫർണിച്ചർ (368/22) എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സി.എച്ച്.സി സബ്സെന്ററുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (224/22) | അടങ്കൽ- 15000/- (റോഡിതരം)<br>ചെലവ്- 14850/- (റോഡിതരം)<br>ബി.നം.13/21-22/17.12.2021 - 14850/- |
| 2 | സബ്സെന്ററുകൾക്ക് ഫർണിച്ചർ (368/22) | അടങ്കൽ- 3,00,000/- (റോഡിതരം)+ 544/-(തനതുഫണ്ട്)- 300544/-<br>ചെലവ്- 2,99,970/- (റോഡിതരം)<br>ബി.നം.20/21-22/07.03.2022 – 2,99,970/- |

മേൽ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെചേർക്കുന്നു.

1). സി.എച്ച്.സി സബ്സെന്ററുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (224/22) പദ്ധതിയുടെ ഭാഗമായി യു.പി.എസ് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (14850/-) റോബോ സിസ്റ്റംസ് , നബീൽ സെന്റർ , കാളികാവ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഭരണ സമിതിയുടെ 04.12.2021 ലെ 3/2 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതായും കാണുന്നു. ബി.നം.13/21-22/17.12.2021 പ്രകാരം 14850/- അനീസ് .സി എന്നവർക്ക് (A/c 20670100007620) നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനം കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കിയതിന്റെ ഇൻവോയ്സ്, സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. മേൽ രേഖകൾ/ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 32/30.11.22 നൽകിയെങ്കിലും രേഖകൾ/ വിശദീകരണം ലഭ്യമാക്കിയില്ല. സ്ഥാപനം യു.പി.എസ് വിതരണം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക 14850/-രൂപ തടസ്സം ചെയ്യുന്നു.

2). ഇ.നം MJRI/21-22/267 /14.02.2022 പ്രകാരം സിഡ്കോ യിൽ നിന്ന് ലഭ്യമായ ഫർണിച്ചറുകൾ ജനറൽ ഇൻസ്ട്രുമെന്റ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് LHI ക്ക് ഇഷ്യൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും LHI ആയത് കൈപ്പറ്റിയതായി ഒപ്പുവെച്ചിട്ടില്ല. കൂടാതെ ഫർണിച്ചറുകൾ സബ്സെന്ററുകൾക്ക് വിതരണം ചെയ്തതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല.

## 1-22 കിഴക്കേതല തരിശ് ജംഷൻ ഹൈമാസ്റ്റ് റിപ്പയർ -ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്ത പ്രവൃത്തിക്ക് തുക ചെലവഴിച്ചു.

പ്രോജക്റ്റ് നം. 303/22

കിഴക്കേതല തരിശ് ജംഷൻ ഹൈമാസ്റ്റ് റിപ്പയർ പദ്ധതി

വിനിയോഗിച്ച തുക -91,430 രൂപ

ബിൽ നം. 18/21-22/ 13.01.22 - 13,548 രൂപ (13-ാംധനകാര്യകമ്മീഷൻ അവാർഡ് )

വൗച്ചർ നം.22100857/11.01.22 – 77,882രൂപ (തനത് ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം,കിഴക്കേതല തരിശ് ജംഷൻ ഹൈമാസ്റ്റ് റിപ്പയർ പ്രവൃത്തി നടത്തുകയാണ് ചെയ്തിട്ടുള്ളത് .പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ കിഴക്കേതല ഹൈമാസ്റ്റ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമായി .വിവരം പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 7/2021-22/28.11.22) മറുപടി ലഭ്യമാക്കിയില്ല. ആയത് ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്തപക്ഷം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾക്ക് 2021-22 വർഷത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

1) പ്രോജക്റ്റ് നം. 133/22

പി എം എ വൈ ഷെയർ (ജനറൽ)

വിനിയോഗിച്ച തുക – 9,44,625 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22100557/13.10.21 – 4,20,000 രൂപ

വൗച്ചർ നം. 22101258/30.03.22 – 4,20,000 രൂപ

വൗച്ചർ നം. 22100621/08.11.21 – 1,04,625 രൂപ

2)പ്രോജക്റ്റ് നം. 134/22

പി എം എ വൈ ഷെയർ (എസ് സി )

വിനിയോഗിച്ച തുക – 8,10,000 രൂപ

വൗച്ചർ നം. 22100552/13.10.21 – 5,21,000 രൂപ(തനത് ഫണ്ട്)

വൗച്ചർ നം. 22101256/30.03.22 – 1,35,000 രൂപ(തനത് ഫണ്ട്)

ബിൽ നം. 11/20-21/29.10.21 – 1,54,000രൂപ ( എസ് സി പി )

മേൽ രണ്ട് പദ്ധതികൾ പ്രകാരം തുക കാളികാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

3)പ്രോജക്റ്റ് നം. 306/22

ഡയാലിസസ് രോഗികൾക്ക് ധനസഹായം നൽകൽ പദ്ധതി

വിനിയോഗിച്ച തുക -72,000രൂപ (13-ാംധനകാര്യ കമ്മീഷൻ അവാർഡ് )

ബിൽ നം. 24/21-22/ 31.01.22

ഗ്രാമപഞ്ചായത്തിലെ 9 രോഗികൾക്ക് ഡയാലിസസ് വിഹിതം ഇനത്തിൽ ജില്ലാപഞ്ചായത്തിന് തുക കൈമാറുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. തുക വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

4) പ്രോജക്റ്റ് നം.334/22

സ്ട്രീറ്റ് മെയിൽ വലിക്കൽ പദ്ധതി

വിനിയോഗിച്ച തുക – 2,51,177 രൂപ (13-ാംധനകാര്യ കമ്മീഷൻ അവാർഡ് )

വൗച്ചർ നം.221011056/ 19.02.22

1700മീറ്റർ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ മേലാറ്റൂരിന് മേൽ പ്രകാരം തുക നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

5) പ്രോജക്റ്റ് നം.135/22

കെ എസ് ഇ ബിക്ക് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് തുക നൽകൽ പദ്ധതി

വിനിയോഗിച്ച തുക – 1,15,914 രൂപ (തനത് ഫണ്ട് )

വൗച്ചർ നം.22101049/ 19.02.22 – 19,348രൂപ

വൗച്ചർ നം.22101130/ 03.03.22 – 9272രൂപ

വൗച്ചർ നം.22101154/ 09.03.22 – 26,406രൂപ

മേൽ വൗച്ചർ നം. പ്രകാരം യഥാക്രമം 15,13, 3,21 വാർഡുകളിലെ റോഡു വികസനത്തിനായി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ കരുവാരകുണ്ടിന് തുക നൽകിയിട്ടുണ്ട്. ( 1,15,914 രൂപയിൽ അവശേഷിച്ച പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമായിട്ടുണ്ട്.)പ്രസ്തുത പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെയും,പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും , വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.
മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ / തുക വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
( അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/28-11-2022 ന് മറുപടി ലഭ്യമാക്കിയില്ല )

## 1-24 ഗോത്രസാരഥി പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 175/22

ഗോത്രസാരഥി പദ്ധതി

വിനിയോഗിച്ച തുക – 21,250 രൂപ (ടി എസ് പി ഫണ്ട്)

TRN 211513000000006063/28.12.21 – 21,250രൂപ

നിർവ്വഹണം - ഹെഡ് മാസ്റ്റർ ജി എൽ പി സ്കൂൾ കരുവാരകുണ്ട്.

സ.ഉ (സാധാ)നം. 725/2020/ തസ്വഭവ തീ. 01.04.2020 പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഏർപ്പെടുത്താനുള്ളതാണ് പദ്ധതി .പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) പദ്ധതി ഗുണഭോക്താക്കളായ അഭിജിത്ത് S/O രാജൻ ,അജിലേഷ് S/O രാജൻ,,നയന സി ,അഞ്ജലി കെ എന്നിവ പട്ടിക വർഗ്ഗ വിദ്യാർത്ഥികളാണ് വ്യക്തമാക്കുന്ന രേഖ ലഭ്യമാക്കിയില്ല.

2) യാത്രാസൗകര്യം ഏർപ്പെടുത്താനുള്ളതാണ് പദ്ധതിയെങ്കിലും ,ഗുണഭോക്താക്കൾ സ്കൂളിൽ എത്തുന്നതിനായി ഏതെങ്കിലും തരത്തിലുള്ള വാഹനം ഉപയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.വാഹന സൗകര്യം ഏർപ്പെടുത്തി നൽകുന്നതിന് പകരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി ഗുണഭോക്താക്കളായ 11പേർക്കും വ്യത്യസ്ത തുകയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഏതെത് പട്ടിക വർഗ്ഗസാങ്കേതങ്ങളിൽ നിന്നും സ്കൂളിൽ പോകുന്നവെന്നോ, ,സ്കൂളിലേക്ക് അവിടെ നിന്നുള്ള ദൂരം എത്രയെന്നോ, നിരക്ക് അനുവദിച്ചത് എപ്രകാരമെന്നോ ഫയലിൽ വ്യക്തമല്ല.ഗുണഭോക്താക്കളായ 11പേർക്കും സ്കൂളിൽ പോയിട്ടുണ്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖയും പരിശോധനക്ക് ലഭ്യമാക്കിയില്ല.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.17/29.11.22) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 ജലനിധി പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വൗച്ചർ നം.22100530/13.10.2021 പ്രകാരം 9,20,000രൂപ ,വൗച്ചർ നം.22101148/09.03.2022പ്രകാരം 5,52,000രൂപ ,(ആകെ - 14,72,000രൂപ ) ജലശ്രീ വാട്ടർ സപ്ലൈ സ്കീമിനായി നടപ്പു വർഷത്തിൽ തുക അനുവദിച്ചു നൽകിയിട്ടുണ്ട്.ആയതിൽ ഗ്രാമപഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെട്ടുള്ളതും,ഗ്രാമപഞ്ചായത്തിന്റെ കൂടി ആസ്തിയായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ആകയാൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിവരം,ഗ്രാമപഞ്ചായത്തിലെ വിവിധ ജലനിധി പദ്ധതികളെ സംബന്ധിച്ച വിവരം ,ഗുണഭോക്താക്കളുടെ എണ്ണം, നാളിതുവരെ പ്രസ്തുത പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ വിവരം , ഇപ്പോഴത്തെ അവസ്ഥ എന്നിവ സംബന്ധിച്ച ഒരു റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും മറുപടി ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 23/21-22/30.11.22)

## 1-26 രജിസ്റ്റേഡ് യുവജനക്ലബുകൾക്ക് സ്പോട്സ് കിറ്റ് വിതരണം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. 169/22

വിനിയോഗിച്ച തുക – 1,16,952 രൂപ (തനത്ഫണ്ട്)

ചെക്ക് നം. /തീയ്യതി - 2680433/17.01.22- 1,16,952രൂപ

നിർവ്വഹണം - ഹെഡ് മാസ്റ്റർ ജി എൽ എസ് ,കരുവാരകുണ്ട്

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത 24 സ്പോട്സ് ക്ലബ്ബുകൾക്ക് ഫുട്ബോൾ, ക്രിക്കറ്റ് ബാറ്റ്, സ്റ്റമ്പ് സെറ്റ്,കീപ്പിംഗ് ഗ്ലൗസ്,വോളിബോൾ, ഗോൾകീപ്പർ ഗ്ലൗസ്,വോളിബോൾ ,ടെന്നീസ്ബോൾ,ഫുട്ബോൾ, ക്യാമ്പ് സെറ്റ്, എന്നിവ അടങ്ങിയ കിറ്റ് (എല്ലാം 24 എണ്ണം വീതം)ക്വട്ടേഷൻ മഖേന കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഹെഡ്കോ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). സബ് സിഡിമാർഗ്ഗരേഖ ജി ഒ (എം എസ് )നം.22/2018/ത.സ്വ.ഭ.വ തീ.14.12.2018 പ്രകാരം,സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനുമുൻപ്,

ഗ്രാമപഞ്ചായത്തുതലത്തിൽ യുവജനക്ലബ്ബുകളുടെ ഏകോപനസമിതി രൂപീകരിക്കേണ്ടതും ഗ്രാമപഞ്ചായത്ത്പ്രസിഡണ്ട് അധ്യക്ഷനും യുവജനക്ലബ്ബുകളിൽനിന്നും തെരഞ്ഞെടുത്ത പ്രതിനിധി അംഗം ഉപാധ്യക്ഷനും നോമിനേററ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങളും ഉൾപ്പെട്ട യുവജനക്ലബ്ബുകളുടെ ഏകോപനസമിതിയാണ് കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ ഏതെല്ലാമെന്ന് നിശ്ചയിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്തു തലത്തിൽ അപ്രകാരം ഏകോപനസമിതി രൂപീകരിച്ചിട്ടില്ല.. സ്വന്തമായി കളിസ്ഥലമുണ്ടോയെന്ന വസ്തുതയും പരിഗണിച്ചിട്ടില്ല.

2)ഒരോ ക്ലബ്ബിനും അവരുടെ ആവശ്യത്തിനും സാധ്യതയ്ക്കും ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടപ്പം നൽകണം.ഇവ ക്രോഡീകരിച്ച് മാർഗ്ഗരേഖപ്രകാരമുള്ള സാമ്പത്തിക പരിധി പാലിച്ച കൊണ്ടാണ് ഉപകരണങ്ങൾ വാങ്ങി നൽകേണ്ടത്.എന്നാൽ അപ്രകാരം ഒരു ക്ലബ്ബും ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടില്ല.

3)പ്രോജക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത യുവജനക്ലബുകൾക്കാണ് ധനസഹായം നൽകേണ്ടത്. 1880 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള, വർഷാവർഷം രജിസ്ട്രേഷൻ പുതുക്കി വരുന്ന ക്ലബുകളെയാണ് രജിസ്റ്റേഡ് ക്ലബുകൾ എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ മേൽ 24 ക്ലബുകളിൽ 13ക്ലബുകൾ അപ്രകാരം 2021-22വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.കൂടാതെ, മുഴുവൻ ക്ലബുകൾക്കും കളിസ്ഥലം ലഭ്യമാണോയെന്ന വസ്തുതയും പരിഗണിച്ചിട്ടില്ല.

അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതും മുഴുവൻ ക്ലബുകളും 2021-22 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 24 /*2021-22*/29.11.22)

## 1-27 ഒന്നാം ക്ലാസിൽ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ പദ്ധതി -അപാകതകൾ

പ്രോജക്റ്റ് നം.160/22

ഒന്നാം ക്ലാസിൽ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ പദ്ധതി
അടങ്കൽ തുക -400000/-രൂപ (എസ്.സി.പി)

വിനിയോഗിച്ച തുക – 3,99,840 (പ്ലാൻ - എസ് സി പി )

TRN 211513000000005344/23.11.21– 3,99,840രൂപ

നിർവ്വഹണം - ഹെഡ് മാസ്റ്റർ , ജി എൽ പി സ്കൂൾ ,കരുവാരകുണ്ട്.

സിഡ്കോ ,മഞ്ചേരിയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടു സ്റ്റഡി ടേബിളും ചെയറും(80 എണ്ണം വീതം) വാങ്ങി വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് .പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)എ എം എൽ പി എസ് ഇരിങ്ങാട്ടിരിയിൽ നിന്നും സ്ഥാപന മോധാവി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ട നവ്യപ്രകാശ് പി കെ എന്ന വിദ്യാർത്ഥിനിക്ക് ഫർണ്ണീച്ചറുകൾ നൽകിയിട്ടില്ല. പകരം പട്ടികയിൽ ഉൾപ്പെടാത്ത അർച്ചന പി എന്ന വിദ്യാർത്ഥിനിക്കാണ് ഫർണ്ണീച്ചറുകൾ നൽകിയത് .സബ്സിഡി മാർഗ്ഗ രേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ. 14.02.2018 പ്രകാരം സ്ഥാപന മോധാവി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കാണ് ആനുകൂല്യത്തിന്

അർഹത. അയതിന് വിരുദ്ധമായാണ് ഫർണ്ണിച്ചർ വിതരണം നടത്തിയത്.

2) സ്ഥാപന മേധാവി സമർപ്പിച്ച പട്ടിക പ്രകാരമുള്ള അരിമണൽ ബദൽസ്കൂളിലെ രണ്ട് പേർക്ക് ഫർണ്ണിച്ചർ വിതരണം നടത്തിയിട്ടില്ല. ആയതിനാൽ ആകെ 78 എണ്ണമാണ് വിതരണം നടത്തിയത് .അവശേഷിച്ച രണ്ട് എണ്ണം എന്തു ചെയ്തുവെന്ന് വ്യക്തമല്ല.

3) ജി ഒ (പി)നം.01/2017/എസ് പി ഡി തീയ്യതി 13.03.2017 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ സാധനങ്ങളുടെ വില നിലവിലെ കമ്പോള വിലയിൽ അധികരിക്കുന്നില്ല എന്ന സാക്ഷ്യപത്രം നൽകണം.

കൂടാതെ, ഒന്നിലധികം പൊതുമേഖലാ സ്ഥാപനങ്ങൾ ഒരേ ഇനം സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്ന പക്ഷം ,വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്ന സാമഗ്രികളുടെ സ്പെസിഫിക്കേഷൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അയച്ച് നൽകി വിവരശേഖരണം നടത്തേണ്ടതും ,സാമ്പിളുകൾ പരിശോധിച്ച് ഉചിതമായത് സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ആയവ ഒന്നും തന്നെ പാലിക്കാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.26/21-22/30.11.22)മറുപടി ലഭ്യമാക്കിയില്ല. മേൽ മൂന്ന് ഫർണ്ണിച്ചറുകളുടെ ചെലവു തുക 14,994രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധിക തുക നൽകി

ഓഡിറ്റ് എൻക്വയറി നം .25/21-22/30.11.22

പ്രോജക്റ്റ് നം.173/22

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി

വിനിയോഗിച്ച തുക – 7.05,000 (പ്ലാൻ - എസ് സി പി )

TRN 211513000000007426/15.02.22 – 30,000രൂപ

TRN 211513000000006062/28.12.21 – 6,75,000രൂപ

നിർവ്വഹണം - ഹെഡ് മാസ്റ്റർ , ജി എൽ പി സ്കൂൾ ,കരുവാരകുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് . സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ. 14.02.2018 പ്രകാരം ബിരുദം പഠിതാക്കൾക്ക് 20,000രൂപയാണ് അനുവദിനീയമായ തുക .എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അനുവദിനീയമായതിലും അധികം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേരും വിലാസവും | പഠിക്കുന്ന കോഴ്സ് | അനുവദിച്ച തുക | അനുവദിനീയമായ തുക |
|---|---|---|---|---|
| 1 | ശ്രുതി ടി ,തിരുവണ്ണാരത്ത് വീട് കുട്ടത്തി പി ഒ | ബി എസ് സി മൈക്രോ ബയോളജി | 30,000 | 20,000 |
| 2 | ജിതിഷ പി ,പറമ്പാടത്ത് ,കേരളാ എസ്റ്റേറ്റ് പി ഒ | ബി.എ എക്കോണോമ്ക്സ് | 30,000 | 20,000 |
| 3 | ഗോപിക എം പി മേലേപുരക്കൽ വീട് ,കക്കറ പി ഒ | ഡിഗ്രി രണ്ടാം വർഷം | 30,000 | 20,000 |
| 4 | ജിബിൻ പി ആർ പുത്തൻപുരക്കൽ പുത്തനഴി പി ഒ | ബികോം | 30,000 | 20,000 |
| 5 | ജയശ്രീ ടി തെറ്റത്ത് വീട് ,കക്കറ പി ഒ | ബി എ ഹിസ്റ്ററി | 30,000 | 20,000 |
| 6 | അനുശ്രീ .ടി തെറ്റത്ത് , കക്കറ പി ഒ | ബി എ ഹിസ്റ്ററി | 30,000 | 20,000 |

| | | | | |
|---|---|---|---|---|
| | | ആകെ അധികം നൽകിയത് | | 60,000 രൂപ (6*10000) |

ശബരിരാജ് ചോലക്കൽ ,കിഴക്കേത്തല പി ഒ എന്ന വിദ്യാർത്ഥി ഏത് കോഴ്സിന് എന്ന് സ്ഥാപന മോധാവി സമർപ്പിച്ച സാക്ഷ്യപത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ടിയാനം 30,000 രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. വ്യക്തമായ വിവരം രേഖപ്പെടുത്തിയ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, ഡിഗ്രി കോഴ്സിന് പഠിക്കുന്ന മറ്റ 14 വിദ്യാർത്ഥികൾക്ക് 30,000രൂപ വീതം നൽകിയത് പിന്നീട് അധിക തുക നൽകിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1,40,000 രൂപ (14*10,000) തനത് ഫണ്ടിൽ തിരിച്ചടവാക്കി (രശീതി നം.12101010 8726/31.03.22- 80,000 രൂപ ,രശീതി നം. 1220300136/G100205/26.04.22 -50,000രൂപ , രശീതി നം. 1220400909/G100205/16.09.22 -10,000രൂപ )അയതിൽ 1,15,000രൂപ ഗുണഭോക്തൃപട്ടിക പ്രകാരം അർഹതയുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നൽകി

| ക്രമ നം. | വിദ്യാർത്ഥിയുടെ പേരും വിലാസവും | പഠിക്കുന്ന കോഴ്സ് | അനുവദിച്ച തുക | അനുവദിനീയമായ തുക |
|---|---|---|---|---|
| 1 | വിനീത കെ പി<br>കളക്കുന്നപറമ്പിൽ<br>തരിശ് പി ഒ | ബി എസ് സി കൃഷി | 20,000 | 20,000 |
| 2 | സുബിഷ വി<br>വള്ളിൽ<br>വീട്,വീട്ടിക്കുത്ത്<br>ഇരിങ്ങാട്ടിരി പി ഒ | ബി എ മലയാളം | 20,000 | 20,000 |
| 3 | നന്ദന എം<br>മാമ്പറ്റ വീട് ,കൽകുണ്ട് | ബി ബി എ | 20,000 | 20,000 |
| 4 | മിഥുൻകൃഷ്ണ<br>പറയത്തോട്ടം ,പുന്നക്കാട് | ഓട്ടോ മോബൈൽ എഞ്ചിനീയറിംഗ് | 20,000 | 20,000 |
| 5 | പ്രവീൺ വി പി<br>പുത്തൻപുരക്കൽ<br>തരിശ് പി ഒ | ബി എ എക്കണോമിക്സ് | 20,000 | 20,000 |
| 6 | ശ്യാംസുന്ദർ എ<br>അപ്പുള്ളിൽ ,തരിശ് പി ഒ | ഡി ഫാം | 15,000 | 15,000 |
| | | ആകെ | 1,15,000 | |

എന്നാൽ തനത് ഫണ്ടിൽ അവശേഷിക്കുന്ന 25,000രൂപ (1,40,000-1,15,000)കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-29 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ, ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരം, ഏകദേശം 70 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ഏകദേശം 60 എണ്ണത്തിന് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 7582.91/m3 (MORD-2018,C I 36.44% പ്രകാരം 8358.28/m3) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, മേൽ 70 എണ്ണത്തിലെ 17 എണ്ണം നേരിൽ പരിശോധിച്ചതിൽ 7 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 26-11-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. (പൂർണ്ണമായും സൈഡ് ഷട്ടറിംഗ് നടത്താത്ത 6 പ്രവൃത്തികൾക്ക് നൽകിയ അധികത്തുക ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്) സൈഡ് ഷട്ടറിംഗ്

ഉൾപ്പെടുത്തേണ്ടാത്തതായ പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 7291.26/m3 രൂപയാണ്(MORD-2018, C I 36.44% പ്രകാരം 8036.83/m3) അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 23210 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| 1 M3 ന് അധികം നൽകിയത്: | |
|---|---|
| MORD 2016,Cost Index 31.06% പ്രകാരം | 7582.91-7291.26 = 291.65 രൂപ |
| MORD 2018,Cost Index 36.44% പ്രകാരം | 8358.28-8036.83 = 321.45 |

| ക്ര.നം | പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | ആര്യാടൻ കോളനി റോഡ് കോൺക്രീറ്റ്, 89/22<br>അടങ്കൽ: 225000 രൂപ ( M G Road )<br>കരാറുകാരൻ: ശ്രീ വർഗ്ഗീസ് എൻ ജെ<br>കരാർ: 30/21-22/16-10-21<br>(10.00% Below ER)<br>ചെലവ്: 202062 രൂപ<br>വൗച്ചർ നമ്പർ: 40/21-22/22-1-22<br>അളവ് പുസ്തകം: 67/21-22<br>അളവെടുത്ത തീയതി: 6-1-22 (അളവ് പുസ്തകം പേജ് 5)<br>MORD-2016,C I 31.06% | 24.11 M3 | 24.11m3x291.65= 7031.68<br>(+) 12% GST: = 843.80<br>ആകെ: 7875.48<br>(-)Tendervariation10.0%: 787.54<br>ബാക്കി: 7087.94<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>7087.94 X 50 % = 3543.97<br>Rounded: 3544 രൂപ |
| 2 | കക്കറ മദ്രസ്സ വെള്ളക്കംപാടം റോഡ് കോൺക്രീറ്റ്, 118/22<br>അടങ്കൽ: 200000 രൂപ ( M G Road )<br>കരാറുകാരൻ: ശ്രീ ഇസ്മയിൽ പി<br>കരാർ: 10/21-22/11-10-21<br>(26.50% Below ER)<br>ചെലവ്: 146533 രൂപ<br>വൗച്ചർ നമ്പർ: 37/21-22/17-1-22<br>അളവ് പുസ്തകം: 76/21-22<br>അളവെടുത്ത തീയതി: 4-1-22 (അളവ് പുസ്തകം പേജ് 5)<br>MORD-2016,C I 31.06% | 21.33 M3 | 21.33m3x291.65= 6220.89<br>(+) 12% GST: = 746.50<br>ആകെ: 6967.39<br>(-)Tendervariation26.50%: 1846.35<br>ബാക്കി: 5121.04<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>5124.04 X 50 % = 2560.52<br>Rounded: 2561 രൂപ |
| 3 | കേരള ഉല്ലവാൻകുണ്ട് റോഡ് കോൺക്രീറ്റ്, 314/22<br>അടങ്കൽ: 200000 രൂപ ( M G Road )<br>കരാറുകാരൻ: ശ്രീ സനാഹുള്ള ടി പി | 21.063 M3 | 21.063m3x291.65= 6143.02<br>(+) 12% GST: = 737.16<br>ആകെ: 6880.18<br>(-)Tendervariation Nil%: 00.00<br>ബാക്കി: 6880.18 |

| | | | |
|---|---|---|---|
| | കരാർ: 59/21-22/22-11-21<br>( ER)<br>ചെലവ്: 198320 രൂപ<br>വൗച്ചർ നമ്പർ: 33/21-22/17-1-22<br>അളവ് പുസ്തകം: 64/21-22<br>അളവെടുത്ത തീയതി: 3-11-22 (അളവ് പുസ്തകം പേജ് 5)<br>MORD-2016,C I 31.06% | | (കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6880.18 X 50 % = 3440.09<br>Rounded: 3440 രൂപ |
| 4 | നെല്ലിക്കലടി വെള്ളാരംപാറ റോഡ് കോൺക്രീറ്റ്, 95/22<br>അടങ്കൽ: 200000 രൂപ ( തനത് ഫണ്ട് )<br>കരാറുകാരൻ: ശ്രീ മുഹമ്മത് കാരുള്ളി<br>കരാർ: 34/21-22/16-10-22<br>(ER)<br>ചെലവ്: 199700 രൂപ<br>വൗച്ചർ നമ്പർ: 8/21-22/22-1-22<br>അളവ് പുസ്തകം: 86/21-22<br>അളവെടുത്ത തീയതി: 5-1-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 22.245m3 | 22.245m3x291.65= 6487.75<br>(+) 12% GST: = 778.53<br>ആകെ: 7266.28<br>(-)Tendervariation0.0%: 00<br>ബാക്കി: 7266.28<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>7266.28 X 50 % = 3633.14<br>Rounded: 3633 രൂപ |
| 5 | നാഗത്താൻകുന്ന് പൊറ്റയിൽപാടം റോഡ് കോൺക്രീറ്റ്, 102/22<br>അടങ്കൽ: 175000 രൂപ ( M G Road )<br>കരാറുകാരൻ: ശ്രീ ഇംതിയാസ് ടി എഫ്<br>കരാർ: 53/21-22/20-10-21<br>(14.34% Below ER)<br>ചെലവ്: 170776രൂപ<br>വൗച്ചർ നമ്പർ: 85/21-22/26-2-22<br>അളവ് പുസ്തകം: 99/21-22<br>അളവെടുത്ത തീയതി: 18-2-22 (അളവ് പുസ്തകം പേജ് 5)<br>MORD-2016,C I 31.06% | 22.208 M3 | 22.208m3x291.65= 6476.93<br>(+) 12% GST: = 777.23<br>ആകെ: 7254.16<br>(-)Tender Variation 14.34%: 1040.24<br>ബാക്കി: 6213.92<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6213.92 X 50 % = 3106.96<br>Rounded: 3107 രൂപ |
| 6 | കുട്ടത്തി സുൽത്താൻകുന്ന് റോഡ് കോൺക്രീറ്റ്, 54/22<br>അടങ്കൽ: 167504 രൂപ ( M G Road )<br>കരാറുകാരൻ: ശ്രീ ഇംതിയാസ് ടി എഫ് | 22.208 M3 | 22.208m3x291.65= 6476.93<br>(+) 12% GST: = 777.23<br>ആകെ: 7254.16<br>(-)Tender Variation 16.3%: 1182.42 |

| | | | | |
|---|---|---|---|---|
| | | കരാർ: 52/21-22/20-10-21<br>(16.30% Below ER)<br>ചെലവ്: 166868രൂപ<br>വൗച്ചർ നമ്പർ: 86/21-22/28-2-22<br>അളവ് പുസ്തകം: 98/21-22<br>അളവെടുത്ത തീയതി: 16-2-22 (അളവ് പുസ്തകം പേജ് 5)<br>MORD-2016,C I 31.06% | | ബാക്കി: 6071.74<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6071.74 X 50 % = 3035.87<br>Rounded: 3036 രൂപ |
| | 7 | ആലിക്കോട് മുത്ത്മണി റോഡ് കോൺക്രീറ്റ്, 339/22<br>അടങ്കൽ: 200000 രൂപ ( തനത് ഫണ്ട് )<br>കരാറുകാരൻ: ശ്രീ ഉമ്മർ കെ<br>കരാർ: 99/AE/21-22/1-2-21<br>( 31.5% Below ER)<br>ചെലവ്: 136838രൂപ<br>വൗച്ചർ നമ്പർ: 16/21-22/10-3-22<br>അളവ് പുസ്തകം: 169/21-22<br>അളവെടുത്ത തീയതി: 3-3-22 (അളവ് പുസ്തകം പേജ് 5)<br>MORD-2018,C I 36.44% | 19.71 M3 | 19.71 M3x321.45= 6335.77<br>(+) 12% GST: = 760.29<br>ആകെ: 7096.06<br>(-)Tendervariation31.5%: 2235.25<br>ബാക്കി: 4860.81<br>(കുറിപ്പ്: 20% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. (ആകെയുള്ള 90.00 മീറ്ററിൽ-two Side-, ഏകദേശം 20.00 മീറ്റർ) ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>4860.81 X 80 % = 3888.64<br>Rounded: 3889 രൂപ |
| | | | ആകെ | 23210 രൂപ |

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ഉൾപ്പെടെയുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 23210 രൂപ അതാത് പ്രവത്തിയുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 12/29-11-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രകാരമുള്ള നഷ്ടം 23210 രൂപ മേൽ ഇനം പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

കൂടാതെ, മേൽ 60 എണ്ണത്തിലെ 17 എണ്ണം പരിശോധിച്ചതിൽ 7 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 26-11-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള 60 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്താത്ത പ്രവൃത്തികൾക്ക് നൽകിയ അധികത്തുക ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്യാത്ത അവശേഷിക്കുന്ന പ്രവൃത്തികൾക്ക് സൈഡ് ഷട്ടറിംഗ് നടത്തിയിട്ടുണ്ടോയെന്ന് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും സൈഡ് ഷട്ടറിംഗ് നടത്താതെ അധികത്തുക നൽകിയിട്ടുണ്ടെങ്കിൽ കരാറുകാരിൽ നിന്ന് മേൽ നിരക്ക് പ്രകാരം തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-30 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിനാൽ 5% VAT

ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്യതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം. ഡിബി3-9058/17/സിഇ/ltസ്വഭവ തീയതി 16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

പ്രവൃത്തി: പുൽവെട്ട അംഗനവാടി കെട്ടിട നിർമാണം 177/22

അടങ്കൽ: 12,50,000 രൂപ (CFC ഗ്രാന്റ്)

കൺവീനർ: ശ്രീമതി സുബൈദ എ വി

കരാർ: 18/20-21/14-8-20

അളവ് പുസ്തകം: 6/20-21, 18/20-21

ചെലവഴിച്ച തുക: 12,17,175രൂപ

വൗച്ചർ നമ്പർ 158/2021/28-3-21: 658675 രൂപ

വൗച്ചർ നമ്പർ 158A/2021/28-3-21: 140030 രൂപ

വൗച്ചർ നമ്പർ 1/21-22/29-9-21: 418470 രൂപ

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 12,17,175 രൂപ

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 11,60,562 രൂപ

അധികം പിൻവലിച്ച തുക: 56613 രൂപ

| അധികം നൽകിയ തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| മൂല്യനിർണ്ണയം | 1086763.45 | 1086763.45 | |
| (-) OH 5% | ----------- | 50547.13<br>(1086763.45 X 5/107.5) | |
| ബാക്കി | 1086763.45 | 1036216.32 | |
| (+) GST 12% | 130411.61 | 124345.95 | |
| Total | 1217175 (Rounded) | 1160562 (Rounded) | 56613 |
| (-) Tax 5% | 54340 (10868 X 5) | 51810 (10362 X 5) | 2530 |
| കൺവീനർക്ക് | 1162835 | 1108752 | 54083 |

കൺവീനർക്ക് അധികം നൽകിയ 54083 രൂപ കൺവീനറിൽ നിന്നീടാക്കേണ്ടതും മറ്റ വകുപ്പുകൾക്ക് അധികം നൽകിയ2530 രൂപ അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 14/29-11-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 56613 രൂപ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ച 29-9-21 ലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ, കൺവീനർക്ക് അനുവദിച്ച 12% നിരക്കിലുള്ള GST 124345.90 രൂപ GST വകുപ്പിൽ അടവാക്കിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 ഡ്രൈനേജ് സ്ലാബ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി; നഷ്ടം 3828 രൂപ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അരിമണൽ പള്ളി റോഡ് കലുങ്ക് നിർമാണം എന്ന പ്രവൃത്തിയുടെ ഇനം 5 ആയി ഡ്രൈനേജിന്റെ സ്ലാബ് കോൺക്രീറ്റ് (M25) ചെയ്യതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 13.1.2 പ്രകാരമുള്ള നിരക്കാണ് (9599.70/m3) നൽകിയിട്ടുള്ളത്. ഈ കോഡ് പ്രകാരമുള്ള നിരക്ക് 5 മീറ്ററിൽ കൂടുതൽ ഉയരമുള്ള സൂപ്പർ സ്ട്രക്ചർ പ്രവൃത്തിക്ക് ബാധകമായ നിരക്കാണ്. കോഡ് 13.1.2 പ്രകാരമുള്ള നിരക്കിൽ കോൺക്രീറ്റിങ്ങിന് വേണ്ടി സ്റ്റേജ് നിർമ്മിക്കുന്നതും ഉൾപെടുന്നുണ്ട്.മേൽ പ്രവൃത്തി പ്രകാരമുള്ള ഡ്രൈനജിന്റെ ഉയരം 1.50 മീറ്റർ മാത്രമായതിനാൽ സ്റ്റേജ് ആവശ്യമില്ല എന്ന് വ്യക്തമാണ്. ഈ പ്രവൃത്തിയിൽ സബ്സ്ട്രക്ചർ കോൺക്രീറ്റിന് ബാധകമായ മോർഡ് സ്പെസിഫിക്കേഷൻ കോഡ് 12.5.4 പ്രകാരമുള്ള നിരക്കാണ് (8840.08 M3) നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക കോഡ് 13.1.2 | നൽകാവുന്ന തുക കോഡ് 12.5.4 | അധികം നൽകിയ തുക |
|---|---|---|---|---|
| അരിമണൽ പള്ളി റോഡ് കൾവർട്ട് നിർമാണം (269/22)<br>സാങ്കേതികാനുമതി: 2020-21/2742/01-02-2021<br>വൗച്ചർ നമ്പർ: 93/21-22/11-3-22<br>തുക 385577<br>കരാർ 7/21-22/13-9-21 (E R)<br>കരാറുകാരൻ: ശ്രീ. ഹിഷാം ടി<br>അളവ് പുസ്തകം 196/21-22<br>കോസ്റ്റ് ഇൻഡക്സ്: 31.06 % | 4.50 M3 | 43198.65 @9599.70/m3 | 39780.36 @ 8840.08/m3 | 3418.29 രൂപ<br>(+) 12% GST: 410.19<br>Total: 3828.48 രൂപ |

അധികനിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 3828 രൂപ തിരികെ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 16/29-11-2022 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഈയിനത്തിലുള്ള നഷ്ടം 3828 രൂപ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-32 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല; 18956 രൂപയുടെ നഷ്ടം

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: ചെമ്പൻകാട് റാട്ടക്കുന്ന് റോഡ് കോൺക്രീറ്റ് 85/22

അടങ്കൽ: 200000 രൂപ. (MG- Road)

കരാറുകാരൻ: ശ്രീ ഷൗക്കത്തലി എറാടൻ

കരാർ: 100/21-22/15-9-20

അളവ് പുസ്തകം: 71/21-22

ചെലവ്: 199956 രൂപ

വൗച്ചർ നംപർ: 36/21-22/17-1-22

മേൽ പ്രവൃത്തിക്ക് താഴെ പറയും പ്രകാരം മൂന്ന് ടെണ്ടറുകളാണ് ലഭിച്ചത്.

1) ശ്രീ ഷൗക്കത്തലി എസ്റ്റിമേറ്റ് നിരക്ക്

2) ശ്രീ ഹിഷാം ടി 1 % Above ER

3) ശ്രീ ഇക്ബാൽ ടി കെ 9.48 % Below ER

| ക്ര. നം | ടെണ്ടററുടെ പേര് | ക്വാട്ട് ചെയ്ത നിരക്ക് | ഇഷ്യൃ ചെയ്ത തീയതി | Submit ചെയ്ത തീയതി |
|---|---|---|---|---|
| 1 | ശ്രീ ഷൗക്കത്തലി | എസ്റ്റിമേറ്റ് നിരക്ക് | 12-8-2020 | 13-8-2020 |
| 2 | ശ്രീ ഹിഷാം ടി | 1 % Above ER | 12-8-2020 | 18-8-2020 |
| 3 | ശ്രീ ഇക്ബാൽ ടി കെ | 9.48 % Below ER | 12-8-2020 | 17-8-2020 |

ശ്രീ ഇക്ബാൽ ടി കെ എന്ന ടെണ്ടറർ 9.48 % Below Estimate നിരക്കാണ് ടെണ്ടറിൽ ക്വോട്ട് ചെയ്തിട്ടുള്ളത്. എന്നാൽ, ടി യാന്റെ ടെണ്ടർ പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ഷൗക്കത്തലിയുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടപ്പിലാക്കിയത് വഴി താഴെ പറയും പ്രകാരം 18956/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം | നൽകിയത്(രൂപ) | നൽകാവുന്നത് (രൂപ) | അധികം (രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| മൂല്യനിർണ്ണയം | 178531.94 | 178531.94 | |
| (-) ടെണ്ടർ കുറവ് 9.48% | NIL | 16924.82 | |
| ബാക്കി | 178531.94 | 161607.12 | |
| (+) 12% GST | 21423.83 | 19392.85 | |
| ആകെ | 199956 (Rounded) | 181000 (Rounded) | 18956 |

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കാതിരുന്നതിനും ആയത് വഴി 18956 രൂപ അധികം ചെലവഴിച്ചതിനും വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 28/30-11-2022 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികച്ചെലവ് 18956 രൂപ ടെണ്ടർ അംഗീകരിച്ച 27-8-2020 ലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതുമാണ്.

## 1-33 ഹോമിയോ മരുന്ന മുഴവൻ ലഭ്യമായില്ല.

മുഴവൻ ഹോമിയോ മരുന്നുകളും ലഭ്യമായില്ല.

പ്രോജക്റ്റ് നം. 163/22

വിനിയോഗിച്ച തുക – 6,00,000 രൂപ (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ബിൽ നം. 1/2021-22/26.10.2021– 4,00,000 രൂപ

ബിൽ നം. 2/2021-22/26.2.2022– 2,00,000 രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ ( ഹോമിയോ )

പദ്ധതി പ്രകാരം 6,00,000 രൂപ, മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോം കോ ആലപ്പുഴയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ, ഇൻവോയിസ് നം LF 2648/11-3-22 പ്രകാരം 90261 രൂപ, LF 588/26-8-22 പ്രകാരം 1,41,357 രൂപ എന്നിവയുൾപ്പെടെ ആകെ 2,31,618 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആവശേഷിച്ച 3,68,382 രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമായതിന്റെ വിവരം, സ്റ്റോക്ക് ,ഇഷ്യൂ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/29-11-22)മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-34 അളവ് പുസ്തകം, ടെണ്ടർ ഫോറം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല.

1) അളവ് പുസ്തകം

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2109 പ്രകാരം K.P.W. Form 84 മാതൃകയിൽ അളവ് പുസ്തകങ്ങൾക്ക് ഒരു സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കണം. ഇതിൽ അളവ് പുസ്തകത്തിന്റെ ക്രമ നമ്പർ ഇഷ്യൂ ചെയ്യുന്ന തീയ്യതി എന്നിവ രേഖപ്പെടുത്തണം. കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റ ഒപ്പ് വാങ്ങിക്കണം. ഗ്രാമ പഞ്ചായത്തുകളിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഗ്രാമ പഞ്ചായത്തിൽ കൈപ്പറ്റുന്ന അളവ് പുസ്തകങ്ങൾക്ക് ക്രമ നമ്പർ നൽകി സ്റ്റോക്കിലെടുക്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ/MGNREGS യുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആയത് ആവശ്യാനുസരണം ഇഷ്യൂ ചെയ്യുകയും ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന അളവ് പുസ്തകങ്ങൾ സെക്രട്ടറി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുക പോലും ചെയ്യുന്നില്ല. അളവ് പുസ്തകങ്ങൾ ലഭിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും യാതൊരു രേഖകളും അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിക്കുകയോ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

അതേ സമയം MGNREGS അളവ് പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുന്നില്ലെങ്കിലും ആയത് സ്റ്റോക്കിലെടുക്കാതെ കൈവശം വെച്ച് ഒരു ഇഷ്യൂ രജിസ്റ്ററിൽ ആവശ്യാനുസരണം ക്രമനമ്പർ രേഖപ്പെടുത്തി ഉപയോഗിച്ച് വരുകയാണ് ചെയ്യുന്നത്.

2) ടെണ്ടർ ഫോം

ടെണ്ടർ ഫോം സെക്രട്ടറി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്തതിന്റെ വിശദാംശം സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുക പോലും ചെയ്യുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 30/30-11-22നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-35 സമഗ്ര വിദ്യാഭ്യാസ പദ്ധതി- അപാകതകൾ

പ്രോജക്ട് നം.170/22

സമഗ്ര വിദ്യാഭ്യാസ പദ്ധതി

വിനിയോഗിച്ച തുക – 7,47,133(തനത് ഫണ്ട് )

ചെക്ക് നം./ തീയ്യതി - 19428/02.02.22 – 85,000

ചെക്ക് നം./ തീയ്യതി - JM – 2680432/ 17.01.22 -50,000

ചെക്ക് നം./ തീയ്യതി - JM – 2680435/ 22.03.22 -80,000

ചെക്ക് നം./ തീയ്യതി - JM – 2680428/ 21.11.21 -1,90,000

ചെക്ക് നം./ തീയ്യതി - JN – 4425285/ 16.11.21 -3,42,133

നിർവ്വഹണം - ഹെഡ് മാസ്റ്റർ , ജി എൽ പി സ്കൂൾ ,കരുവാരകുണ്ട്.

വിജയഭേരി,ലൈബ്രറി ബുക്കുകളുടെ വിതരണം,ലാബ് ഐറ്റംസ്,പ്രീപ്രൈമറി അധ്യാപക പരിശീലനം ,അടുക്കള പാത്രങ്ങൾ വിതരണം, പ്രീപ്രൈമറി കളിപ്പാടം,ഓഫീസ് സ്റ്റേഷനറി ,സൈക്കിൾ വിതരണം,ക്ലീനിംഗ് മെറ്റീരിയൽസ് വിതരണം ,ഫർണ്ണിച്ചർ,വാട്ടർബോട്ടിൽ എന്നിവ വിതരണം എന്നിവയ്ക്കാണ് പദ്ധതിയിൽ തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രീപ്രൈമറി അധ്യാപക പരിശീലനത്തിനായി ചെക്ക് നം./ തീയ്യതി - 19428/02.02.22 പ്രകാരം 15,000 രൂപ ചെലവഴിച്ചിട്ടുണ്ട്.സ.ഉ (കൈ)നം.11/2018/തസ്വഭവ തീ.29.01.2018, സബ്സിഡിമാർഗ്ഗരേഖ സ.ഉ (കൈ)22/2018 /തസ്വഭവ തീ.14.02.2018,1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 168-ാം വകുപ്പ് (1)-ാംനം. ഉപവകുപ്പ് 3-ാംപട്ടിക പ്രകാരവും ഈ ഇനത്തില തുക ചെലവഴിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. കൂടാതെ, എസ്.എസ്.എ, ആർ എം എസ് എ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല തദ്ദേശഭരണ സ്ഥാപനം ഏറ്റെടുക്കുന്ന പദ്ധതികൾ എന്ന് ഉറപ്പാക്കുവാനും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ ഇനത്തിൽ തുക ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം.27/21-22/30.11.22)ആയത് ലഭ്യമാക്കിയില്ല.

2)ചെക്ക് നം./ തീയ്യതി - JN – 4425285/ 16.11.21 പ്രകാരം 3,42,133 രൂപ വാട്ടർബോട്ടിൽ (1181 എണ്ണം),Airmless Chair (Big)(300 എണ്ണം), ബേബി ചെയർ (ചെറുത് )(275 എണ്ണം)എന്നിവ ക്വട്ടേഷൻ മുഖേന കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഹെഡ് കോ ,പന്തീരങ്കാവ് ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷൻ നം.50/2018 തീ.13.09.18 പ്രകാരം, സപ്ലൈ ചെയ്ത സാധനങ്ങളുടെ മൊത്തം മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികമാകുന്ന പക്ഷം നൽകിയ തുകയുടെ 2% TDS (GST TDS) ഈടാക്കി സർക്കാറിലേക്ക് അടവാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നോട്ടിഫിക്കേഷന് 01.10.2018 മുതൽ പ്രബല്യമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. അതിൽ പ്രകാരം TDS ഈടാക്കി അടവാക്കിയിട്ടില്ല.സമാന അപാകത കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിലും ചൂണ്ടിക്കാട്ടിയിട്ടുള്ളതാണെങ്കിലും ആയത് വീണ്ടും ആവർത്തിച്ചിരിക്കുകയാണ്.

കൂടാതെ ,ജി ഒ(പി )നം. 03/2019/ എസ് പി ഡി തീ. 13.03.2017 പ്രകാരം വാങ്ങുന്ന സാധനങ്ങളുടെ മൂല്യം 1,00,000രൂപയിൽ കവിയുന്ന പക്ഷം ടെണ്ടർ നടപടി മുഖേന വാങ്ങാൻ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും ആയത് പാലിച്ചില്ല. വാട്ടർ ബോട്ടിലുകൾ വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

3)ചെക്ക് നം./ തീയ്യതി - JM – 2680428/ 21.11.21 പ്രകാരം 1,90,000 രൂപയിൽ 50,000രൂപ സ്കൂളുകളിലേക്ക് 12 സൈക്കിളുകൾ വാങ്ങുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. സബ്സിഡിമാർഗ്ഗരേഖ സ.ഉ (കൈ)22/2018/തസ്വഭവ തീ.14.02.2018,1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 168-ാം വകുപ്പ് (1)-ാംനം. ഉപവകുപ്പ് 3-ാംപട്ടിക പ്രകാരവും ഈ ഇനത്തില തുക ചെലവഴിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്.സ്കൂളുകൾക്ക് സൈക്കിൾ വിതരണം നടത്തുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം.27/21-22/30.11.22)ആയത് ലഭ്യമാക്കിയില്ല.

4) ജി ഒ(പി )നം. 03/2019/ എസ് പി ഡി തീ. 13.03.2017 പ്രകാരം ക്വട്ടേഷൻ മുഖേനയുള്ള വാങ്ങലുകളുടെ നോട്ടീസുകൾ ഓഫീസിന്റെ നോട്ടീസ് ബോർഡിലും, അടുത്തുള്ള പൊതുസ്ഥലങ്ങളിലും ,സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.എന്നാൽ അപ്രകാരം ചെയ്യാതെയാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.പ്രീപ്രൈമറി കളിപ്പാടം,ക്ലീനിംഗ് മെറ്റീരിയൽസ് ,ഓഫീസ് സ്റ്റേഷനറികൾ,ലാബ് ഐറ്റംസ് എന്നിവ ഒരു സ്ഥാപനത്തിൽ നിന്നാണ് (പെരിന്തൽമണ്ണ താലൂക്ക് ഗവ.സ്കൂൾ ടീച്ചേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി ) വാങ്ങിയിട്ടുള്ളത്. കൂടാത,ഒരു ടെണ്ടറിലൂടെ സമാഹരിക്കാമായിരുന്ന മേൽ ഉപകരണങ്ങൾക്ക് വ്യത്യസ്തമായ ക്വാട്ടേഷനുകൾ ക്ഷണിച്ച് വാങ്ങിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

5) കണ്ടിജന്റ് ചെലവ് ഇനത്തിൽ 120000 രൂപ തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ട്.ആയതിൽ

മുൻവർഷ ബാലൻസ് ഉൾപ്പെടെ 36,917രൂപ തൻവർഷം നീക്കിയിരിപ്പാണ്. കൂടാതെ വകുപ്പുതല സപ്ലൈ വെറെയും ഉണ്ടെന്നിരിക്കെ എ4 പേപ്പർ ,ഫയൽ ബോർഡ്, സ്റ്റാപ്ളർ പിൻ തുടങ്ങിയ ഓഫീസ് സാധനങ്ങൾ വാങ്ങുവാൻ തുക ചെലവഴിച്ചത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട സ്കൂളുകളിൽ നിന്നും ആവശ്യം ഉയർന്നിട്ടിലെന്നിരിക്കെ പ്രോജക്റ്റ് തയ്യാറാക്കി പ്രസ്തുത ഇനത്തിൽ തുക ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 27/30.11.22 )മറുപടി ലഭ്യമാക്കിയില്ല. മേൽ ക്രമനം.(1),(3) ഇനങ്ങളിൽ തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാത്തപക്ഷം നിർവ്വഹണം ഉദ്യാഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മറ്റു അപാകതകൾക്ക് വ്യക്തമായ കാരണം ബോധിപ്പിക്കേണ്ടതാണ്.ചെലവുതുക 7,47,133 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-36 ക്ഷേമപെൻഷൻ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ഏതാനും ക്ഷേമപെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കുഞ്ഞീരുമ്മ ആലക്കാടൻ വീട്, കേരള എസ്റ്റേറ്റ് എന്ന പെൻഷണർ 23.11. 2020 ന് മരണപ്പെട്ടതാണെങ്കിലും (രജി.നം.154/2020 / 22.12.2020) കർഷക തൊഴിലാളി പെൻഷനറായ (പെൻഷൻ ഐ ഡി നം.109060100116) ഇവരുടെ പെൻഷൻ നിലവിലും സ് സ്പെൻഡ് ചെയ്തിട്ടില്ല.. 2020 നവംബർ മുതൽ സെപ്റ്റംബർ2022 വരെ ഇവരുടെ എസ് ബി ഐ കരുവാരകുണ്ട് ബ്രാഞ്ചിലുള്ള 67219875402 നം അക്കൗണ്ടിൽ 36,100 രൂപ (2*1400+3*1500+18*1600) ക്രഡിറ്റ് ചെയ്തിട്ടുണ്ട്.തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2) ത്രേസ്യ കുന്നംപുറത്ത് ചേരി വീട് ,കൽകുണ്ട് ,കരുവാരകുണ്ട് പി ഒ എന്ന വാർദ്ധക്യകാല പെൻഷനർ 17.11.2020 ന് മരണപ്പെട്ടു എന്നാൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നത് 12.08.2022 നാണ്. 11/20 മുതൽ 2022 ജൂൺ വരെ ഇവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട് (പെൻഷൻ ഐ ഡി നം.10906022327).അധികമായി അനുവദിച്ച 32,900രൂപ (1400*2+1500*3+16*1600)തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3)മുഹമ്മദ് പൂക്കുന്നൻ , തരിശ് ,കരുവാരകുണ്ട് എന്ന വാർദ്ധക്യകാല പെൻഷനർ 20.10.22ന് മരണപ്പെട്ടു. എന്നാൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നത് 15.08.2022 നാണ്. 10/20 മുതൽ 2022 ജൂൺ വരെ ഇവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട് (പെൻഷൻ ഐ ഡി നം.109060200913).32700രൂപ (1400*3+1500*3+15*1600)തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ,ഗ്രാമപഞ്ചായത്തിലെ മുഴുവൻ പെൻഷൻ അപേക്ഷകളും പരിശോധനാ വിധേയമാക്കി മരണപ്പെട്ടവർ പെൻഷൻ വാങ്ങുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

പാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-37 തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.123/22

തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി പദ്ധതി - അപാകതകൾ

വിനിയോഗിച്ച തുക – 29,200 രൂപ (പ്ലാൻ -ജനറൽ)

ബിൽ നം. 12/2021-22/ 12.01.22

നിർവ്വഹണം - കൃഷി ഓഫീസർ

തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്ത നാലു പേർക്ക് കൃഷി ഭൂമിയുടെ അളവിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സാ.ഉ (സാധാ)നം.1009/ 2020/ത.സ്വ.ഭ.വ തീ.29.05.2020 പ്രകാരം തുടർച്ചയായി മൂന്നു വർഷത്തിലധികമായി കൃഷിചെയ്യുത്ത ഭൂമിയെയാണ് തരിശ് ഭൂമിയായി പരിഗണിക്കേണ്ടത് . ആയത് കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം . ആയത് പാലിക്കാതെയാണ് ധനസഹായം നൽകിയിട്ടുള്ളത്.

കൂടാതെ, തൊഴിലുറപ്പുപദ്ധതിയുടെ സാധ്യത പൂർണ്ണമായി പ്രയോജനപ്പെടുത്തണം . അപ്രകാരം ചെയ്യുന്നപക്ഷം സ്ഥിരം കൃഷിക്കുള്ള ധനസഹായം നൽകിയാൽ മതി . ആയതും പാലിക്കപ്പെട്ടില്ല.

2)ഏതെല്ലാം പച്ചക്കറികൾ എത്ര അളവിൽ കൃഷിചെയ്തുവെന്ന വിവരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.ഗുണഭോക്താകളായ ശ്രീ. ഗോപാലകൃഷ്ണൻ ,വേണുഗോപാലൻ എന്നിവർക്ക് ധനസഹായം നൽകിയിട്ടുണ്ടെങ്കിലും കൃഷിചെയ്ത ഏരിയ എത്രയെന്ന് വ്യക്തമല്ല..

3) പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.15/29.11.22) കൃഷി ചെയ്യാനുദ്ദേശിച്ച സമയത്ത് തൊഴിലാളികളെ ലഭ്യമാകാത്തതിനാലാണ് തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിക്കാൻ സാധിക്കാതിരുന്നത് എന്നും, ഭാവിയിൽ അപ്രകാരം പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണെന്നും,ശ്രീ. ഗോപാലകൃഷ്ണൻ ,വേണുഗോപാലൻ എന്നിവർക്ക് ധനസഹായം നല്കിയത് പാട്ടതിനെടുത്ത് കൃഷിചെയ്യുകയാണെങ്കിൽ ഭൂവുടമയ്ക്ക് തുക നൽകാം എന്ന മേൽ ഉത്തരവിന്റെ അടിസ്ഥാനത്താലാണെന്നുമുള്ള മറുപടി സ്വീകരിച്ചു.

പരിമിതമായ ഗുണഭോക്താക്കൾ മാത്രമുള്ള പദ്ധതി മതിയായ പരിശോധന നടത്താതെയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി, നഷ്ടം 23210 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ, ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരം, ഏകദേശം 60 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ഏകദേശം 70 എണ്ണത്തിന് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 7582.91/m3 (MORD-2018,C I 36.44% പ്രകാരം 8358.28/m3) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, മേൽ 70 എണ്ണത്തിലെ 17 എണ്ണം നേരിൽ പരിശോധിച്ചതിൽ 7 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 26-11-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. (പൂർണ്ണമായും സൈഡ് ഷട്ടറിംഗ് നടത്താത്ത 6 പ്രവൃത്തികൾക്ക് നൽകിയ അധികത്തുക ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്) സൈഡ് ഷട്ടറിംഗ് ഉൾപ്പെടുത്തേണ്ടാത്തതായ പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 7291.26/m3 രൂപയാണ്(MORD-2018,C I 36.44% പ്രകാരം 8036.83/m3) അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 23210 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| 1 M3 ന് അധികം നൽകിയത്: | |
|---|---|
| MORD 2016,Cost Index 31.06% പ്രകാരം | 7582.91-7291.26 = 291.65 രൂപ |
| MORD 2016,Cost Index 36.44% പ്രകാരം | 8358.28-8036.83 = 321.45 |

| ക്ര.നം | പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | ആര്യാടൻ കോളനി റോഡ് കോൺക്രീറ്റ്, 89/22<br>അടങ്കൽ: 225000 രൂപ ( M G Road )<br>കരാറുകാരൻ: ശ്രീ വർഗ്ഗീസ് എൻ ജെ<br>കരാർ: 30/21-22/16-10-21<br>(10.00% Below ER) | 24.11 M3 | 24.11m3x291.65= 7031.68<br>(+) 12% GST: = 843.80<br>ആകെ: 7875.48<br>(-)Tendervariation10.0%: 787.54<br>ബാക്കി: 7087.94<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ചെലവ്: 202062 രൂപ<br>വൗച്ചർ നമ്പർ: 40/21-22 /22-1-22<br>അളവ് പുസ്തകം: 67/21-22<br>അളവെടുത്ത തീയതി: 6-1-22 (അളവ് പുസ്തകം പേജ് 5)<br>MORD-2016,C I 31.06% | | ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>7087.94 X 50 % = 3543.97<br>Rounded: 3544 രൂപ |
| 2 | കക്കറ മദ്രസ്സ വെള്ളക്കംപാടം റോഡ് കോൺക്രീറ്റ്, 118/22<br>അടങ്കൽ: 200000 രൂപ ( M G Road )<br>കരാറുകാരൻ: ശ്രീ ഇസ്മയിൽ പി<br>കരാർ: 10/21-22/11-10-21<br>(26.50% Below ER)<br>ചെലവ്: 146533 രൂപ<br>വൗച്ചർ നമ്പർ: 37/21-22/17-1-22<br>അളവ് പുസ്തകം: 76/21-22<br>അളവെടുത്ത തീയതി: 4-1-22 (അളവ് പുസ്തകം പേജ് 5)<br>MORD-2016,C I 31.06% | 21.33 M3 | 21.33m3x291.65= 6220.89<br>(+) 12% GST: = 746.50<br>ആകെ: 6967.39<br>(-)Tendervariation26.50%: 1846.35<br>ബാക്കി: 5121.04<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്യിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>5124.04 X 50 % = 2560.52<br>Rounded: 2561 രൂപ |
| 3 | കേരള ഉല്ലവാൻകുണ്ട് റോഡ് കോൺക്രീറ്റ്, 314/22<br>അടങ്കൽ: 200000 രൂപ ( M G Road )<br>കരാറുകാരൻ: ശ്രീ സനാഹുള്ള ടി പി<br>കരാർ: 59/21-22/22-11-21<br>( ER)<br>ചെലവ്: 198320 രൂപ<br>വൗച്ചർ നമ്പർ: 33/21-22/17-1-22<br>അളവ് പുസ്തകം: 64/21-22<br>അളവെടുത്ത തീയതി: 3-11-21 (അളവ് പുസ്തകം പേജ് 5)<br>MORD-2016,C I 31.06% | 21.063 M3 | 21.063m3x291.65= 6143.02<br>(+) 12% GST: = 737.16<br>ആകെ: 6880.18<br>(-)Tendervariation Nil%: 00.00<br>ബാക്കി: 6880.18<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്യിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6880.18 X 50 % = 3440.09<br>Rounded: 3440 രൂപ |
| 4 | നെല്ലിക്കലടി വെള്ളാരംപാറ റോഡ് കോൺക്രീറ്റ്, 95/22<br>അടങ്കൽ: 200000 രൂപ ( തനത് ഫണ്ട് )<br>കരാറുകാരൻ: ശ്രീ മുഹമ്മത് കാരുള്ളി<br>കരാർ: 34/21-22/16-10-22<br>(ER) | 22.245m3 | 22.245m3x291.65= 6487.75<br>(+) 12% GST: = 778.53<br>ആകെ: 7266.28<br>(-)Tendervariation0.0%: 00<br>ബാക്കി: 7266.28<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്യിട്ടുണ്ട്. ആയതിനാൽ അധികം |

| | | | |
|---|---|---|---|
| | ചെലവ്: 199700 രൂപ<br>വൗച്ചർ നമ്പർ: 8/21-22/22-1-22<br>അളവ് പുസ്തകം: 86/21-22<br>അളവെടുത്ത തീയതി: 5-1-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | | നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>7266.28 X 50 % = 3633.14<br>Rounded: 3633 രൂപ |
| 5 | നാഗത്താൻകുന്ന് പൊറ്റയിൽപാടം റോഡ് കോൺക്രീറ്റ്, 102/22<br>അടങ്കൽ: 175000 രൂപ ( M G Road )<br>കരാറുകാരൻ: ശ്രീ ഇംതിയാസ് ടി എഫ്<br>കരാർ: 53/21-22/20-10-21<br>(14.34% Below ER)<br>ചെലവ്: 170776രൂപ<br>വൗച്ചർ നമ്പർ: 85/21-22 /26-2-22<br>അളവ് പുസ്തകം: 99/21-22<br>അളവെടുത്ത തീയതി: 18-2-22 (അളവ് പുസ്തകം പേജ് 5)<br>MORD-2016,C I 31.06% | 22.208 M3 | 22.208m3x291.65= 6476.93<br>(+) 12% GST: = 777.23<br>ആകെ: 7254.16<br>(-)Tender Variation 14.34%: 1040.24<br>ബാക്കി: 6213.92<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6213.92 X 50 % = 3106.96<br>Rounded: 3107 രൂപ |
| 6 | കുട്ടത്തി സുൽത്താൻകുന്ന് റോഡ് കോൺക്രീറ്റ്, 54/22<br>അടങ്കൽ: 167504 രൂപ ( M G Road )<br>കരാറുകാരൻ: ശ്രീ ഇംതിയാസ് ടി എഫ്<br>കരാർ: 52/21-22/20-10-21<br>(16.30% Below ER)<br>ചെലവ്: 166868രൂപ<br>വൗച്ചർ നമ്പർ: 86/21-22 /28-2-22<br>അളവ് പുസ്തകം: 98/21-22<br>അളവെടുത്ത തീയതി: 16-2-22 (അളവ് പുസ്തകം പേജ് 5)<br>MORD-2016,C I 31.06% | 22.208 M3 | 22.208m3x291.65= 6476.93<br>(+) 12% GST: = 777.23<br>ആകെ: 7254.16<br>(-)Tender Variation 16.3%: 1182.42<br>ബാക്കി: 6071.74<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6071.74 X 50 % = 3035.87<br>Rounded: 3036 രൂപ |
| 7 | ആലിക്കോട് മുത്ത്മണി റോഡ് കോൺക്രീറ്റ്, 339/22<br>അടങ്കൽ: 200000 രൂപ ( തനത് ഫണ്ട് )<br>കരാറുകാരൻ: ശ്രീ ഉമ്മർ കെ | 19.71 M3 | 19.71 M3x321.45= 6335.77<br>(+) 12% GST: = 760.29<br>ആകെ: 7096.06<br>(-)Tendervariation31.5%: 2235.25<br>ബാക്കി: 4860.81 |

| | | | |
|---|---|---|---|
| | കരാർ: 99/AE/21-22/1-2-21<br>( 31.5% Below ER)<br>ചെലവ്: 136838രൂപ<br>വൗച്ചർ നമ്പർ: 16/21-22 /10-3-22<br>അളവ് പുസ്തകം: 169/21-22<br>അളവെടുത്ത തീയതി: 3-3-22 (അളവ് പുസ്തകം പേജ് 5)<br>MORD-2018,C I 36.44 % | | (കുറിപ്പ്: 20% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്.(ആകെയുള്ള 90.00 മീറ്ററിൽ-two Side-, ഏകദേശം 20.00 മീറ്റർ) ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത് )<br>4860.81 X 80 % = 3888.64<br>Rounded: 3889 രൂപ |
| | | ആകെ | 23210 രൂപ |

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ഉൾപ്പെടെയുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 23210 രൂപ അതാത് പ്രവത്തിയുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 12/29-11-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രകാരമുള്ള നഷ്ടം 23210 രൂപ മേൽ ഇനം പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

കൂടാതെ, മേൽ 70 എണ്ണത്തിലെ 17 എണ്ണം പരിശോധിച്ചതിൽ 7 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 26-11-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള 60 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്താത്ത പ്രവൃത്തികൾക്ക് നൽകിയ അധികത്തുക ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്യാത്ത അവശേഷിക്കുന്ന പ്രവൃത്തികൾക്ക് സൈഡ് ഷട്ടറിംഗ് നടത്തിയിട്ടുണ്ടോയെന്ന് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും സൈഡ് ഷട്ടറിംഗ് നടത്താതെ അധികത്തുക നൽകിയിട്ടുണ്ടെങ്കിൽ കരാറുകാരിൽ നിന്ന് മേൽ നിരക്ക് പ്രകാരം തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 3-2 ഡ്രൈനേജ് സ്ലാബ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി; നഷ്ടം 3828 രൂപ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അരിമണൽ പള്ളി റോഡ് കലുങ്ക് നിർമാണം എന്ന പ്രവൃത്തിയുടെ ഇനം 5 ആയി ഡ്രൈനേജിന്റെ സ്ലാബ് കോൺക്രീറ്റ് (M25) ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 13.1.2 പ്രകാരമുള്ള നിരക്കാണ് (9599.70/m3) നൽകിയിട്ടുള്ളത്. ഈ കോഡ് പ്രകാരമുള്ള നിരക്ക് 5 മീറ്ററിൽ കൂടുതൽ ഉയരമുള്ള സൂപ്പർ സ്ട്രക്ചർ പ്രവൃത്തിക്ക് ബാധകമായ നിരക്കാണ്. കോഡ് 13.1.2 പ്രകാരമുള്ള നിരക്കിൽ കോൺക്രീറ്റിങ്ങിന് വേണ്ടി സ്റ്റേജ് നിർമ്മിക്കുന്നതും ഉൾപെടുന്നുണ്ട്.മേൽ പ്രവൃത്തി പ്രകാരമുള്ള ഡ്രൈനജിന്റെ ഉയരം 1.50 മീറ്റർ മാത്രമായതിനാൽ സ്റ്റേജ് ആവശ്യമില്ല എന്ന് വ്യക്തമാണ്. ഈ പ്രവൃത്തിയിൽ സബ്സ്ട്രക്ചർ കോൺക്രീറ്റിന് ബാധകമായ മോർഡ് സ്പെസിഫിക്കേഷൻ കോഡ് 12.5.4 പ്രകാരമുള്ള നിരക്കാണ് (8840.08 M3) നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക<br>കോഡ് 13.1.2 | നൽകാവുന്ന തുക<br>കോഡ് 12.5.4 | അധികം നൽകിയ തുക |
|---|---|---|---|---|
| അരിമണൽ പള്ളി റോഡ് കൾവർട്ട് നിർമാണം (269/22)<br>സാങ്കേതികാനുമതി:<br>2020-21/2742/01-02-2021<br>വൗച്ചർ നമ്പർ: 93/21-22/11-3-22<br>തുക 385577<br>കരാർ 7/21-22/13-9-21 (E R)<br>കരാറുകാരൻ: ശ്രീ. ഹിഷാം ടി<br>അളവ് പുസ്തകം 196/21-22 | 4.50 M3 | 43198.65<br>@9599.70/m3 | 39780.36<br>@ 8840.08/m3 | 3418.29 രൂപ<br>(+) 12% GST: 410.19<br>Total: 3828.48 രൂപ |

| | | | | |
|---|---|---|---|---|
| കോസ്റ്റ് ഇൻഡക്സ്: 31.06 % | | | | |

അധികനിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 3828 രൂപ തിരികെ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 16/29-11-2022 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഈയിനത്തിലുള്ള നഷ്ടം 3828 രൂപ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല; 18956 രൂപയുടെ നഷ്ടം

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: ചെമ്പൻകാട് റാട്ടക്കുന്ന് റോഡ് കോൺക്രീറ്റ് 85/22

അടങ്കൽ: 200000 രൂപ. (MG- Road)

കരാറുകാരൻ: ശ്രീ ഷൗക്കത്തലി എറാടൻ

കരാർ: 100/21-22/15-9-20

അളവ് പുസ്തകം: 71/21-22

ചെലവ്: 199956 രൂപ

വൗച്ചർ നംപർ: 36/21-22/17-1-22

മേൽ പ്രവൃത്തിക്ക് താഴെ പറയും പ്രകാരം മൂന്ന് ടെണ്ടറുകളാണ് ലഭിച്ചത്.

1) ശ്രീ ഷൗക്കത്തലി എസ്റ്റിമേറ്റ് നിരക്ക്

2) ശ്രീ ഹിഷാം ടി 1 % Above ER

3) ശ്രീ ഇക്ബാൽ ടി കെ 9.48 % Below ER

| ക്ര. നം | ടെണ്ടററുടെ പേര് | ക്വാട്ട് ചെയ്ത നിരക്ക് | ഇഷ്യൂ ചെയ്ത തീയതി | Submit ചെയ്ത തീയതി |
|---|---|---|---|---|
| 1 | ശ്രീ ഷൗക്കത്തലി | എസ്റ്റിമേറ്റ് നിരക്ക് | 12-8-2020 | 13-8-2020 |
| 2 | ശ്രീ ഹിഷാം ടി | 1 % Above ER | 12-8-2020 | 18-8-2020 |
| 3 | ശ്രീ ഇക്ബാൽ ടി കെ | 9.48 % Below ER | 12-8-2020 | 17-8-2020 |

ശ്രീ ഇക്ബാൽ ടി കെ എന്ന ടെണ്ടറർ 9.48 % Below Estimate നിരക്കാണ് ടെണ്ടറിൽ ക്വോട്ട് ചെയ്തിട്ടുള്ളത്. എന്നാൽ, ടി യാന്റെ ടെണ്ടർ പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ഷൗക്കത്തലിയുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടപ്പിലാക്കിയത് വഴി താഴെ പറയും പ്രകാരം 18956/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം | നൽകിയത്(രൂപ) | നൽകാവുന്നത് (രൂപ) | അധികം (രൂപ) |
|---|---|---|---|
| മൂല്യനിർണ്ണയം | 178531.94 | 178531.94 | |
| (-) ടെണ്ടർ കുറവ് 9.48% | --------- | 16924.82 | |
| ബാക്കി | 178531.94 | 161607.12 | |
| (+) 12% GST | 21423.83 | 19392.85 | |
| ആകെ | 199956 (Rounded) | 181000 (Rounded) | 18956 |

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കാതിരുന്നതിനും ആയത് വഴി 18956 രൂപ അധികം ചെലവഴിച്ചതിനും വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 28/30-11-2022 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികച്ചെലവ് 18956 രൂപ ടെണ്ടർ അംഗീകരിച്ച 27-8-2020 ലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതുമാണ്.

## 3-4 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധിക തുക നൽകി നഷ്ടം 60,000രൂപ

പ്രോജക്റ്റ് നം.173/22

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി

വിനിയോഗിച്ച തുക – 7.05,000 (പ്ലാൻ - എസ് സി പി )

TRN 211513000000007426/15.02.22 – 30,000രൂപ

TRN 211513000000006062/28.12.22 – 6,75,000രൂപ

നിർവ്വഹണം - ഹെഡ് മാസ്റ്റർ , ജി എൽ പി സ്കൂൾ ,കരുവാരകുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് . സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ. 14.02.2018 പ്രകാരം ബിരുദം പഠിതാക്കൾക്ക് 20,000രൂപയാണ് അനുവദിനീയമായ തുക .എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അനുവദിനീയമായതിലും അധികം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേരും വിലാസവും | പഠിക്കുന്ന കോഴ്സ് | അനുവദിച്ച തുക | അനുവദിനീയമായ തുക |
|---|---|---|---|---|
| 1 | ശ്രുതി ടി ,തിരുവണ്ണാരത്ത് വീട് കുട്ടത്തി പി ഒ | ബി എസ് സി മൈക്രോ ബയോളജി | 30,000 | 20,000 |
| 2 | ജിതിഷ പി ,പറമ്പാടത്ത് ,കേരളാ എസ്റ്റേറ്റ് പി ഒ | ബി.എ എക്കോണോമ്ക്സ് | 30,000 | 20,000 |
| 3 | ഗോപിക എം പി മേലേപുരക്കൽ വീട് ,കക്കറ പി ഒ | ഡിഗ്രി രണ്ടാം വർഷം | 30,000 | 20,000 |
| 4 | ജിബിൻ പി ആർ പുത്തൻപുരക്കൽ പുത്തനഴി പി ഒ | ബികോം | 30,000 | 20,000 |
| 5 | ജയശ്രീ ടി തെറ്റത്ത് വീട് ,കക്കറ പി ഒ | ബി എ ഹിസ്റ്ററി | 30,000 | 20,000 |
| 6 | അനുശ്രീ .ടി തെറ്റത്ത് , കക്കറ പി ഒ | ബി എ ഹിസ്റ്ററി | 30,000 | 20,000 |
| | | ആകെ അധികം നൽകിയത് | | 60,000 രൂപ (6*10000) |

ശബരിരാജ് ചോലക്കൽ ,കിഴക്കേത്തല പി ഒ എന്ന വിദ്യാർത്ഥി ഏത് കോഴ്സിന് എന്ന് സ്ഥാപന മോധാവി സമർപ്പിച്ച സാക്ഷ്യപത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ടിയാനും 30,000 രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. വ്യക്തമായ വിവരം രേഖപ്പെടുത്തിയ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, ഡിഗ്രി കോഴ്സിന് പഠിക്കുന്ന 14 വിദ്യാർത്ഥികൾക്ക് 30,000രൂപ വീതം നൽകിയത് പിന്നീട് അധിക തുക നൽകിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1,40,000 രൂപ (14*10,000) തനത് ഫണ്ടിൽ തിരിച്ചടവാക്കി (രശീതി നം.121010108726/31.03.22- 80,000 രൂപ ,രശീതി നം. 1220300136/G100205/26.04.22 -50,000രൂപ , രശീതി നം. 1220400909/G100205/16.09.22 -10,000രൂപ )അയതിൽ 1,15,000രൂപ ഗുണഭോക്തൃപട്ടിക പ്രകാരം അർഹതയുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നൽകി

| ക്രമ നം. | വിദ്യാർത്ഥിയുടെ പേരും വിലാസവും | പഠിക്കുന്ന കോഴ്സ് | അനുവദിച്ച തുക | അനുവദിനീയമായ തുക |
|---|---|---|---|---|
| 1 | വിനീത കെ പി കളക്കുന്നപറമ്പിൽ തരിശ് പി ഒ | ബി എസ് സി കൃഷി | 20,000 | 20,000 |
| 2 | സുബിഷ വി വള്ളിൽ | ബി എ മലയാളം | 20,000 | 20,000 |

| | | | | |
|---|---|---|---|---|
| | വീട്,വീട്ടിക്കത്ത് ഇരിങ്ങാട്ടിരി പി ഒ | | | |
| 3 | നന്ദന എം മാമ്പറ്റ വീട് ,കൽകുണ്ട് | ബി ബി എ | 20,000 | 20,000 |
| 4 | മിഥുൻകൃഷ്ണ പറയത്തോട്ടം ,പുന്നക്കാട് | ഓട്ടോ മോബൈൽ എഞ്ചിനീയറിംഗ് | 20,000 | 20,000 |
| 5 | പ്രവീൺ വി പി പുത്തൻപുരക്കൽ തരിശ് പി ഒ | ബി എ എക്കണോമിക്സ് | 20,000 | 20,000 |
| 6 | ശ്യാംസുന്ദർ എ അപ്പുള്ളിൽ ,തരിശ് പി ഒ | ഡി ഫാം | 15,000 | 15,000 |
| | | ആകെ | 1,15,000 | |

എന്നാൽ തനത് ഫണ്ടിൽ അവശേഷിക്കുന്ന 25,000രൂപ (1,40,000-1,15,000)കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കിയില്ല.

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.25/21-22/30.11.22)മറുപടി ലഭ്യമാക്കിയില്ല.

അധികം നൽകിയ 60,000 രൂപ വിഴ്ചക്ക് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നു. തനത് ഫണ്ടിൽ അവശേഷിക്കുന്ന 25,000രൂപ (1,40,000-1,15,000)കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 25.11.2022 മുതൽ 26.11.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 600000 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (18/22) | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1100000 | ലൈഫ് ഭവന പദ്ധതി – പട്ടിക ജാതി (120/22) | 1100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 22000 | നെൽവിത്തും കൂലിച്ചെലവും – (121/22) | 22000 | 0 |
| ജില്ലാ പഞ്ചായത്ത് | 2000000 | ലൈഫ് ഭവന പദ്ധതി – പട്ടിക ജാതി (120/22) | 2000000 | 0 |
| ജില്ലാ പഞ്ചായത്ത് | 900000 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (18/22) | 2000000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 135/22, ഇലക്ട്രിക് പോസ്റ്റ് മാറ്റൽ കെ.എസ്.ഇ.ബി ക്ക് തുക നൽകൽ | 22100531/13.10.21<br>22100782/14.12.21<br>22101049/19.02.22<br>22101130/03.03.22<br>22101154/09.03.22 | 115914 | 60888 | 55026 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ 334/22 | 221011056/19.02.22 | 251177 | 00 | 251177 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (HUDCO) | GO(MS)68/2018 /LSGD/ 18.05.18 | 19600000 | 19873427 | 1019333 | 0 | 38454094 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 81943/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2018-19 | 1-26(2) | 3173 | ശ്രീ.സിറാജ് വട്ടപ്പറമ്പിൽ | 121010101727/22.09.2021 |
| 2018-19 | 3-1 | 74924 | ശ്രീ.രാജൻ.എം.ജി, അസി. എഞ്ചിനീയർ | 121010101850/28.09.2021 |
| 2018-19 | 1-26(1) | 2299 | ശ്രീ.മുഹമ്മദ്,മൈമൂന പടവൻ | 121010102128/22.10.2021 |
| 2018-19 | 1-14 | 1547 | ശ്രീ.സനാഉള്ള.ടി.പി | 121010103408/03.01.2022 |

(AFS പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത്)

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 63 | 2003-04 | | പുന്നക്കാട് ആനവാരിക്കൽ VCB നിർമാണം, | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 1999-00 | 45,46 | 2003-04 | | ബസ് സ്റ്റാന്റ് ലേലം, പുന്നക്കാട് കളിസ്ഥലം | “ |
| 2003-04 | 3-3 | 2006-07 | | അക്ഷയ SSA പദ്ധതികൾക്ക് അധികച്ചെലവ് | “ |
| 2003-04 | 3-10 | 2006-07 | | മിനിഇന്റസ്ട്രിയൽ എസ്റ്റേറ്റ് അധികച്ചെലവ് | “ |
| 2003-04 | 3-11 | 2006-07 | | മരാമത്ത് പണി അധിക ചെലവ്-വൃദ്ധ,വികലാംഗ വിശ്രമകേന്ദ്രം | “ |
| 2004-05 | 3-12 | 2007-08 | | എസ്.ജി.ആർ.വൈ പ്രവൃത്തി-ഭക്ഷ്യധാന്യം അധികം അനുവദിച്ചത് | “ |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/തീയതി | തുക | |
| 1 | 2005-06 | 3-3<br>3-17<br>3-21 | C K ബാലൻ | LF 4447/Sp.cell/sc 5/08 Dt 5.9.09/22.9.09 | 11800<br>5263<br>389877 | ഉത്തരവാദിയായ വ്യക്തി മരണപ്പെട്ടതായി LF M 7/2293/13 Dt 24-12-13 കത്ത് പ്രകാരം അറിയിച്ചു. |
| 2 | 2000-01 | 49 എ<br>67(1)<br>58(3)<br>61(1)<br>70<br>29(a)<br>58(1)(2)(3)<br>32(1)(3)<br>35 | എ എൻ വിജയകുമാരൻ നായർ<br>“<br>“ | LF 12829/Spl Cell/SC5 /05/02-03-2007 /03-04-07<br>“<br>“ | 20023<br>17022<br>6030 | DCRG യിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്നറിയിച്ചു.<br>“<br>“ |
| 3 | 2004-05 | 3-8<br>3-9<br>3-10<br>3-11<br>3-12 | C K ബാലൻ | LF/14544/Spl Cell/sc5/08 11/09 | 326939 | ഉത്തരവാദിയായ വ്യക്തി10-09-2010 ന് മരണപ്പെട്ടതായി LFM 7/2293/13 Dt.24-12-13 കത്ത് പ്രകാരം അറിയിച്ചു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 156881762 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 151054285 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 105994 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 776977 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 23210 | 1) ശ്രീ സിനിമോൻ സി എഷ്, അസിസ്റ്റന്റ് എഞ്ചിനീയർ, 11605<br>2) ശ്രീ അനിൽ കുമാർ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ-11605 |
| 3-2 | | 3828 | 1)ശ്രീമതി ടീന മേരി സി ജെ – അസിസ്റ്റന്റ് എഞ്ചിനീയർ- 1914<br>2)ശ്രീ.സുമേഷ്.വി.ആർ – അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ-1914 |
| 3-3 | | 18956 | ശ്രീ. രാജൻ.എം.ജി – അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 60,000 | ശ്രീ. കെ പി ഹരിദാസൻ,ഹെഡ്മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 14850 | ഡോ.മഞ്ജു.കെ.നായർ (മെഡിക്കൽ ഓഫീസർ സി.എച്ച്.സി ) |
| 1-27 | 14,994 | ശ്രീ. കെ പി ഹരിദാസൻ,ഹെഡ്മാസ്റ്റർ |
| 1-35 | 747133 | ശ്രീ.കെ പി ഹരിദാസൻ,ഹെഡ്മാസ്റ്റർ |
| ആകെ | 776977 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അസീന ചെറുപള്ളിക്കൽ (സെക്രട്ടറി ഇൻ ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി, കരുവാരകുണ്ട് ഗ്രാമ പഞ്ചായത്ത് | വടക്കേതിൽ ഹൗസ്, അമ്പലക്കടവ്, കാളികാവ് .പി.ഒ |
| ശ്രീ. രാജൻ.എം.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW, കടക്കൽ സെക്ഷൻ, കൊല്ലം | മുണ്ടംപള്ളി ഹൗസ്, മീയന.പി.ഒ, ഒഴൂർ, കൊല്ലം |
| ശ്രീ.സുമേഷ്.വി.ആർ – അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | രമ നിവാസ്, TC16/1601, ജഗതി, തൈക്കാട് (പി.ഒ), തിരുവനന്തപുരം 695014 |
| ശ്രീ സിനിമോൻ സി എഫ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | ചിറയിൽവീട് ക്യാമ്പിൻകുന്ന്,കരുവാരകുണ്ട് പി ഒ |
| ശ്രീമതി ടീന മേരി സി ജെ – അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വലപ്പാട് ഗ്രാമ പഞ്ചായത്ത് | ഐനിക്കൽ വീട്, അളഗപ്പ നഗർ തൃശ്ശൂർ |
| ശ്രീ അനിൽ കുമാർ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | യോഗത്ത് വീട് മണ്ണാർമല പി ഒ, പട്ടിക്കാട്, മലപ്പുറം |
| കെ പി ഹരിദാസൻ,ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ,ജി എൽ പി എസ് ,കരുവാരകുണ്ട് | ഹരിത,മേലാറ്റൂർ (പി ഒ) മലപ്പുറം ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95,95-96 | LF M/15/236/03/15-10-2010 | 7 | |
| 1996-97 | LF M/15/461/01/15-10-2010 | 7 | |
| 1997-98 | LF M/15/705/01/15-10-2010 | 36 | |
| 1998-99 | LF M/15258/02/15-10-2010 | 30 | |
| 1999-00 | KSAMPM/7/928/18/23-5-18 | 22 | |
| 2000-01 | KSAMPM/7/928/18(1)/23-5-18 | 13 | |
| 2001-02 | KSAMPM/7/928/18(2)/23-5-18 | 9 | |
| 2003-04 | KSA MPM /7/1616/19/01-10-20 | 10 | |
| 2004-05 | KSA MPM /7/1616/19/01-10-20 | 26 | |
| 2005-06 | KSA MPM /7/1616/19/01-10-20 | 10 | |
| 2006-07 | KSA MPM /7/1616/19/01-10-20 | 9 | |
| 2007-08 | KSA MPM /7/1616/19/01-10-20 | 6 | |
| 2008-11 | KSA MPM /7/1713/19/01-10-20 | 8 | |
| 2011-12,12-13 | LF M/7/565/15/2-7-15 | 11 | |
| 2013-14,14-15 | KSAMPM/7/2016/16/30-6-17 | 6 | |
| 2015-16 | KSA MPN /7/3264/16/23-3-18 | 12 | |
| 2016-17 | KSA MPM /7/1999/17/31-07-18 | 24 | |
| 2017-18 | KSA MPM /7/1996/18/05-05-2020 | 15 | |

| | | | |
|---|---|---|---|
| 2018-19 | KSA MPM /7/240/20/02-11-20 | 22 | |
| 2019-20 | KSA MPM /7/2119/2021/08/02/22 | 32 | |
| 2020-21 | KSA MPM /7/2120/08/02/2022 | 43 | |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എം.എ.1/2023

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്